# ശുചിത്വ മിഷൻ ഭരണ റിപ്പോർട്ട് 2023-24

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ ,

പബ്ലിക് ഓഫീസ് കോമ്പൗണ്ട്,

തിരുവനന്തപുരം – 695033

ഇ- മെയിൽ – sanitationkerala@gmail.com,

വെബ്സൈറ്റ് – www.suchitwamission.org

**ശുചിത്വ മിഷൻ – തദ്ദേശ സ്വയംഭരണ വകുപ്പ്**

# ആമുഖം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക–സാമ്പത്തിക സഹായം നൽകിവരുന്ന സ്ഥാപനമാണ് ശുചിത്വ മിഷൻ. ശുചിത്വ–മാലിന്യ സംസ്കരണ രംഗത്തെ നയ രൂപീകരണം, അനുയോജ്യ സാങ്കേതിക വിദ്യകൾ കണ്ടെത്തൽ, നിർവഹണ സഹായം നൽകൽ, ധനവിഭവ സാധ്യതകൾ കണ്ടെത്തൽ, വിവിധ വകുപ്പുകളും സ്കീമുകളുമായി സംയോജനം, കേന്ദ്ര– സംസ്ഥാനാവിഷ്കൃത സ്കീമുകളുടെ നിർവഹണം, നിയമ പിൻബലം ഉറപ്പാക്കൽ എന്നിവയാണ് ശുചിത്വ മിഷൻ പ്രധാനമായും ചെയ്തു വരുന്ന പ്രവർത്തനങ്ങൾ. ദേശീയ ഹരിത ട്രിബ്യൂണൽ കേസുകൾക്ക് സർക്കാരിന് ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ശുചിത്വ മിഷന്റെ ചുമതലയിൽ പെട്ടവയാണ്. ശുചിത്വ മിഷന്റെ ക്രിയാത്മകമായ പ്രവർത്തനം മൂലം മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായ മാറ്റം ശ്രദ്ധേയമാണ്. ഈ ഇടപെടലിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

# ഉള്ളടക്കം


**ആമുഖം............................................................................................................................1**

**1. ശുചിത്വ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ........................................................................................ 3**

**2. ഭരണപരമായ വിഷയങ്ങൾ.................................................................................................. 3**

**3. മനുഷ്യ വിഭവ ക്രമീകരണം..................................................................................................... 5**

**4. പ്രവർത്തന മേഖല............................................................................................................ 11**

4.1. ഖര മാലിന്യ സംസ്കരണം.................................................................................................. 11

4.2 ദ്രവ മാലിന്യ സംസ്കരണം.................................................................................................. 21

**5. ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സുകളും വിശ്രമ കേന്ദ്രങ്ങളും.........................................28**

**6. മോണിട്ടറിംഗ് വിലയിരുത്തൽ സംവിധാനങ്ങൾ........................................................................... 29**

6.1 ഹരിതമിത്രം – സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ.................................................................... 29

6.2 ക്യാമറാ നിരീക്ഷണ സംവിധാനം.........................................................................................29

6.3 ജി.പി.എസ് വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം................................................................... 29

**7. നിയമ നടപടികൾ............................................................................................................ 30**

**8. നൂതന ആശയങ്ങൾ – കാൽവയ്പുകൾ................................................................................... 30**

8.1 പബ്ലിക് ടോയ്ലറ്റ് നെറ്റ്‌വർക്കിങ്..............................................................................................30

8.2 പ്രൂഫ് ഓഫ് കൺസെപ്റ്റ് മോഡൽ..........................................................................................30

8.3 UWM Strategy.................................................................................................................30

8.4 മാലിന്യ സംസ്കരണ മേഖലയിൽ ഗവേഷണ പ്രൊജെക്ട്ടുകൾ.................................................. 31

8.5 ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം.................................................................................................31

8.6 ഇന്റേൺഷിപ്പ്.................................................................................................................... 31

8.7 സ്കൂൾ, കോളേജ് സിലബസ് പരിഷ്കരണ പ്രവർത്തനം.............................................................31

**9. വിവര–വിജ്ഞാന–വ്യാപന പ്രവർത്തനങ്ങൾ.........................................................................32**

9.1 മാലിന്യമുക്തം നവകേരളം..................................................................................................32

9.2 മഴക്കാല പൂർവ്വ ശുചീകരണം (മഴയെത്തും മുമ്പേ മനുഷ്യ ഡ്രോണുകൾ)...................................32

9.3 മേരി ലൈഫ് മേരാ സ്വച്ഛ് ശഹർ (RRR campaign)...............................................................32

9.4 സഫായി മിത്ര സുരക്ഷാ ശിവിർ (നമസ്തേ)........................................................................... 33

9.5 ഇന്ത്യൻ സ്വച്ഛതാ ലീഗ്........................................................................................................33

9.6 ക്ലീൻ ടോയ്ലറ്റ് ക്യാമ്പയിൻ.................................................................................................. 34

**10. ശേഷി വികസനം.......................................................................................................... 34**

**11. വിവിധ വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനം.......................................................... 42**

11.1 പൊതു വിദ്യഭ്യാസ വകുപ്പ്...................................................................................................42

11.2 ഉന്നത വിദ്യാഭ്യാസ വകുപ്പ്................................................................................................. 42

11.3 വ്യവസായ വകുപ്പ്.......................................................................................................... 43

11.4 കെ. എസ്. ആർ. ടി. സി....................................................................................................43

11.5 റെയിൽവേ................................................................................................................... 43

11.6 ഫിഷറീസ്.................................................................................................................... 43

11.7 വിനോദസഞ്ചാര വകുപ്പ്.................................................................................................. 44

11.8 മൃഗ സംരക്ഷണ വകുപ്പ്...................................................................................................44

**12. ഫണ്ട് സ്രോതസ്സുകൾ.................................................................................................... 44**

**13. വിവരാകാശ നിയമം 2005 സംബന്ധിച്ചുള്ള വിവരങ്ങൾ......................................................... 45**

13.1 2023–24 സാമ്പത്തിക വർഷത്തെ റിപ്പോർട്ട്......................................................................... 47

## 1. ശുചിത്വ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ

- ആരോഗ്യം, പരിസ്ഥിതി ശുചിത്വം എന്നിവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ച് ഒരു പുതിയ സംസ്കാരം അവരിൽ വളർത്തിയെടുക്കുകയും അതുവഴി കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ശുചിത്വ മിഷന്റെ ദീർഘകാല ലക്ഷ്യം
- വെള്ളം, ശുചിത്വം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ലഭ്യമായ സൗകര്യങ്ങൾ ശരിയായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവാദിത്ത ബോധവും സംവേദനക്ഷമതയും അവരിൽ വളർത്തിയെടുക്കുകയും ചെയ്യുക.
- ജനങ്ങളിൽ ഉത്തരവാദിത്തബോധവും പരിസര ശുചീകരണത്തിനായുള്ള ശ്രമങ്ങളിൽ പങ്കാളികളാകാനുള്ള ആഗ്രഹവും വളർത്തുക
- പഞ്ചായത്ത് തലത്തിൽ പരിസ്ഥിതി ശുചിത്വവും ആരോഗ്യ പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനത്തെ ശക്തിപ്പെടുത്തുക
- ഖര മാലിന്യങ്ങളും (ജൈവ, അജൈവ) , ദ്രവ മാലിന്യങ്ങളും ( ഗ്രേ, ബ്ലാക്ക് ) സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള മതിയായതും ഉചിതവുമായ സൗകര്യങ്ങൾ സ്വായത്തമാക്കാൻ എല്ലാ വീടുകളെയും പ്രാദേശിക ഭരണകൂടത്തെയും പ്രാപ്തരാക്കുക
- മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് ചെലവ് കുറഞ്ഞതും നിർദിഷ്ട സ്ഥലത്തിന് അനുയോജ്യവുമായ സാങ്കേതിക സംവിധാനങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടെ വികസിപ്പിക്കുക

## 2. ഭരണപരമായ വിഷയങ്ങൾ

തിരുവിതാംകൂർ–കൊച്ചി ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ശുചിത്വ മിഷന്റെ നടത്തിപ്പും നിയന്ത്രണവും ഭരണസമിതിയിൽ നിക്ഷിപ്തമാണ്.

**ഭരണസമിതി**

ചെയർപേഴ്സൺ: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
വൈസ് ചെയർപേഴ്സൺ: അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി: ഗ്രാമവികസന വകുപ്പ് കമ്മീഷണർ
മെമ്പർ കൺവീനർ: എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

അംഗങ്ങൾ:

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

3. ചെയർപേഴ്സൺ, മേയേഴ്സ് കൗൺസിൽ

4. ചെയർപേഴ്സൺ, മുനിസിപ്പൽ ചെയർപേഴ്സൺ ചേംബർ

5. വികേന്ദ്രീകരണത്തിന്റെ ചുമതലയുള്ള അംഗം, സംസ്ഥാന ആസൂത്രണ ബോർഡ്

6. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

7. സെക്രട്ടറി, പൊതു വിദ്യാഭ്യാസം

8. പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്

9. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

10. സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

12. ഡയറക്ടർ (റൂറൽ)

13. ഡയറക്ടർ (അർബൻ)

14. ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

15. ചെയർപേഴ്സൺ, നവകേരളം കർമ്മപദ്ധതി

ഇതുകൂടാതെ ശുചിത്വ മിഷന് സർക്കാർ നിയമിക്കുന്ന ഡയറക്ടർമാരും പ്രോഗ്രാം ഓഫീസർമാരും അടങ്ങുന്ന ഒരു സാങ്കേതിക പിന്തുണാ ഗ്രൂപ്പ് ഉണ്ടായിരിക്കും. പ്രവർത്തന ആസൂത്രണം, സാങ്കേതിക പാക്കേജുകളുടെ പ്രവർത്തന വിശദാംശങ്ങൾ, പ്രവർത്തന ഗവേഷണം, ഫണ്ട് കൈകാര്യം ചെയ്യൽ, ധനസഹായം, സോഫ്റ്റ്വെയർ വികസനം, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ദൗത്യത്തിന് സാങ്കേതിക പിന്തുണ നൽകൽ എന്നിവയാണ് സാങ്കേതിക പിന്തുണാ ഗ്രൂപ്പിൽ നിക്ഷിപ്തമായ ചുമതലകൾ.

## എക്സിക്യൂട്ടീവ് കമ്മിറ്റി

ചെയർപേഴ്സൺ: അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

മെമ്പർ കൺവീനർ: എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

അംഗങ്ങൾ:

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് (LID & EW), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഗ്രാമവികസന കമ്മീഷണർ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്

9. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
10. ഡയറക്ടർ, പൊതു വിദ്യാഭ്യാസം
11. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി
12. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
13. സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
13. പ്രോജക്ട് ഡയറക്ടർ, KSWMP
14. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
15. മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള

## 3. മനുഷ്യ വിഭവ ക്രമീകരണം

**സംസ്ഥാന ശുചിത്വ മിഷൻ ജീവനക്കാരുടെ വിവരം**

| ക്രമ നം | തസ്തിക | നിലവിലുള്ള ജീവനക്കാർ | | | | |
|---|---|---|---|---|---|---|
| | | സർക്കാർ നോമിനേറ്റഡ് | ഡെപ്യൂട്ടേഷൻ | ദിവസവേതനം | കരാർ | ആകെ |
| 1 | എക്സിക്യൂട്ടീവ് ഡയറക്ടർ | 1 | – | – | – | 1 |
| 2 | ഡയറക്ടർ (ഓപ്പറേഷൻസ്) | – | 1 | – | – | 1 |
| 3 | ഡയറക്ടർ (ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ) | – | 1 | – | – | 1 |
| 4 | ഡയറക്ടർ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) | – | 1 | – | – | 1 |
| 5 | ഡയറക്ടർ (കുടിവെള്ളം) | – | 1 | – | – | 1 |
| 6 | പ്രോഗ്രാം ഓഫീസർ (മോണിറ്ററിംഗ്) | – | 1 | – | – | 1 |

| | | | | | | |
|---|---|---|---|---|---|---|
| 7 | പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) | – | 1 | – | – | 1 |
| 8 | പ്രോഗ്രാം ഓഫീസർ ( ട്രെയിനിംഗ്) | – | 1 | – | – | 1 |
| 9 | ഓഫീസ് കം ഫിനാൻസ് മാനേജർ | – | 1 | – | – | 1 |
| 10 | സീനിയർ കൺസൾട്ടിന്റ് (ഡിസൈൻ) | – | 1 | – | – | 1 |
| 11 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 1 | – | – | 1 |
| 12 | സീനിയർ കൺസൾട്ടിന്റ് (ടെക്നോളജി) | – | – | – | 1 | 1 |
| 13 | കൺസൾട്ടന്റ് | – | – | – | 1 | 1 |
| 14 | കപ്പാസിറ്റി ബിൽഡിംഗ് എക്സ്പർട്ട് | – | – | – | 1 | 1 |
| 15 | ഐ ഇ സി എക്സ്പർട്ട് | – | – | – | 1 | 1 |
| 16 | എം ഐ എസ് എക്സ്പർട്ട് | | | 1 | | 1 |
| 17 | സാനിട്ടേഷൻ എക്സ്പർട്ട് | – | – | – | 1 | 1 |
| 18 | ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റ് | – | – | – | 1 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 19 | പ്രോഗ്രാം ഓഫീസർ ( ഐ ഇ സി) | – | – | – | 1 | 1 |
| 20 | പ്രോഗ്രാം ഓഫീസർ (ഫിനാൻസ്) | – | – | – | 1 | 1 |
| 21 | പ്രോഗ്രാം ഓഫീസർ (ഐ റ്റി ഇ – ഗവേണൻസ്) | – | – | – | 1 | 1 |
| 22 | ടെക്നിക്കൽ അസിസ്റ്റന്റ് (ഐ റ്റി & ഇ – ഗവേണൻസ്) | – | – | – | 1 | 1 |
| 23 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | | – | – | 1 | 1 |
| 24 | അക്കൗണ്ടന്റ് | | – | – | 1 | 1 |
| 25 | കമ്പ്യൂട്ടർ പ്രോഗ്രാമർ | | – | 1 | – | 1 |
| 26 | ക്ലാർക്ക് | | – | 2 | 1 | 3 |
| 27 | ടെക്നിക്കൽ അസിസ്റ്റന്റ് | | – | 1 | 1 | 2 |
| 28 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | | – | 1 | 2 | 3 |
| 29 | ക്ലാർക്ക് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ | | – | 1 | 5 | 6 |
| 30 | ഓഫീസ് അസിസ്റ്റന്റ് | | – | – | 1 | 1 |
| 31 | പ്യൂൺ | | – | 1 | 2 | 3 |
| 32 | ഡ്രൈവർ | | – | 3 | 2 | 5 |

| | | | | | | |
|---|---|---|---|---|---|---|
| 33 | സെക്യൂരിറ്റി | | – | 2 | 2 | 2 |
| | **ആകെ** | | | | | 50 |

**ജില്ലാ മിഷനുകളിലെ ജീവനക്കാരുടെ വിവരം**

| **ക്രമ. നം** | **തസ്തിക** | **നിയമന രീതി** | | | **ആകെ** |
|---|---|---|---|---|---|
| | | **ഡെപ്യൂട്ടേഷൻ** | **കരാർ** | **ദിവസവേതനം** | |
| 1 | ജില്ലാ ശുചിത്വമിഷൻ കോ–ഓർഡിനേറ്റർ | 14 | 0 | 0 | 14 |
| 2 | അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ (എസ് ഡബ്ല്യൂ എം) | 14 | 0 | 0 | 14 |
| 3 | അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ (ഐ ഇ സി) | 14 | 0 | 0 | 14 |
| 4 | പ്രോഗ്രാം ഓഫീസർ | 0 | 14 | | 14 |
| 5 | ടെക്നിക്കൽ കൺസൽട്ടന്റ് | 0 | 14 | | 14 |
| 6 | അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ (അക്കൗണ്ട്സ്) | 0 | 14 | | 14 |
| 7 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 0 | 10 | 4 | 14 |
| 8 | ഓഫീസ് അറ്റന്റന്റ് | 0 | 3 | 5 | 8 |
| 9 | ഡ്രൈവർ | 0 | 2 | 1 | 3 |

| | | | | | |
|---|---|---|---|---|---|
| 10 | സ്വീപ്പർ | 0 | | | 4 |

| ജില്ലാ മിഷനുകളുടെ വിലാസവും ടെലിഫോൺ നമ്പറും |
|---|
| ജില്ലാ മിഷൻ തിരുവനന്തപുരം<br>വിലാസം : ജില്ലാ ശുചിത്വ മിഷൻ സിവിൽ സ്റ്റേഷൻ, ബി-ബ്ലോക്ക്, നാലാം നി<br>കുടപ്പനക്കുന്ന് പി.ഒ തിരുവനന്തപുരം - 695043<br>ഓഫീസ് നമ്പർ - 0471-2360643<br>ഇമെയിൽ ഐഡി - tvm.sm@kerala.gov.in |
| ജില്ലാ മിഷൻ കൊല്ലം<br>വിലാസം : കൊല്ലം മൂന്നാം നില, സിവിൽ സ്റ്റേഷൻ പി.ഒ, കൊല്ലം - 691013<br>ഓഫീസ് നമ്പർ - 0474-2791910<br>ഇമെയിൽ ഐഡി - klm.sm@kerala.gov.in |
| ജില്ലാ മിഷൻ പത്തനംതിട്ട<br>വിലാസം : ഒന്നാം നില, കിടാരത്തിൽ ക്രിസ് ടവർ സ്റ്റേഡിയം ജംഗ്ഷന് സമീപ<br>പത്തനംതിട്ട- 689645<br>ഓഫീസ് നമ്പർ - 0468-2322014<br>ഇമെയിൽ ഐഡി - pta.sm@kerala.gov.in |
| ജില്ലാ മിഷൻ ആലപ്പുഴ<br>വിലാസം: കളക്ടറേറ്റ്, ആലപ്പുഴ- 688 001<br>ഓഫീസ് നമ്പർ - 0477-2253020<br>ഇമെയിൽ ഐഡി - alp.sm@kerala.gov.in |
| ജില്ലാ മിഷൻ കോട്ടയം<br>വിലാസം : ഹൗസിംഗ് ബോർഡ് ബിൽഡിംഗ് മുട്ടമ്പലം പി.ഒ, കഞ്ഞിക്കുഴി, കോട്ടയം<br>686004<br>ഓഫീസ് നമ്പർ - 0481-2573606<br>ഇമെയിൽ ഐഡി - ktm.sm@kerala.gov.in |


| |
|---|
| ജില്ലാ മിഷൻ ഇടുക്കി<br>വിലാസം: സെന്റ് ജോർജ്ജ് ചർച്ച് ഇടുക്കി, നായരുപാറ പി.ഒ, ഇടുക്കി – 685632<br>ഓഫീസ് നമ്പർ – 0486-2232295<br>ഇമെയിൽ ഐഡി – tscidukki@gmail.com |
| ജില്ലാ മിഷൻ എറണാകുളം<br>വിലാസം: മൂന്നാം നില, ബി 2 ബ്ലോക്ക് സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ., എറണാകുള<br>– 682030<br>ഓഫീസ് നമ്പർ – 0484-2428701<br>ഇമെയിൽ ഐഡി – ekm.sm@kerala.gov.in |
| ജില്ലാ മിഷൻ തൃശ്ശൂർ<br>വിലാസം: ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്, അയ്യന്തോൾ, തൃശ്ശൂർ – 680003<br>ഓഫീസ് നമ്പർ – 0487-2360154<br>ഇമെയിൽ ഐഡി – tsr.sm@kerala.gov.in |
| ജില്ലാ മിഷൻ പാലക്കാട്<br>വിലാസം : ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, സിവിൽ സ്റ്റേഷൻ, പാലക്കാട് – 678001<br>ഓഫീസ് നമ്പർ – 0491-2505710<br>ഇമെയിൽ ഐഡി – tscpkd@gmail.com |
| ജില്ലാ മിഷൻ മലപ്പുറം<br>വിലാസം : ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, DTPC ഓഫീസിന് സമീപം, UP ഹിൽ, മലപ്പുറം<br>676505<br>ഓഫീസ് നമ്പർ – 0483-2738001<br>ഇമെയിൽ ഐഡി – mlm.sm@kerala.gov.in |
| ജില്ലാ മിഷൻ കോഴിക്കോട്<br>വിലാസം: സിവിൽസ്റ്റേഷൻ, കോഴിക്കോട് – 673020<br>ഓഫീസ് നമ്പർ – 0495-2370677<br>ഇമെയിൽ ഐഡി – kzk.sm@kerala.gov.in |

| |
|---|
| ജില്ലാ മിഷൻ വയനാട്<br>വിലാസം: അഫാസ് അപ്പാർട്ട്മെന്റ് ബിൽഡിംഗ്സ്, കൽപ്പറ്റ, വയനാട് – 673121<br>ഓഫീസ് നമ്പർ – 04936–203223<br>ഇമെയിൽ ഐഡി – tscwayanad@yahoo.co.in |
| ജില്ലാ മിഷൻ കണ്ണൂർ<br>വിലാസം: നോബിൾ ആർക്കേഡ് ബിൽഡിംഗ്, പൊട്ടിയൻ ശേഖരൻ റോഡ് സൗത്ത ബസാർ, കണ്ണൂർ – 2<br>ഓഫീസ് നമ്പർ – 0497–2700078<br>ഇമെയിൽ ഐഡി – sbmkannur@gmail.com |
| ജില്ലാ മിഷൻ കാസർകോട്<br>വിലാസം : ജില്ലാ പഞ്ചായത്ത് അനക്സ് ബിൽഡിംഗ്, വിദ്യാനഗർ പി.ഒ, കാസർകോട് – 671123<br>ഓഫീസ് നമ്പർ – 04994–255350<br>ഇമെയിൽ ഐഡി – ksgd.sm@kerala.gov.in |

## 4. പ്രവർത്തന മേഖല

### 4.1. ഖര മാലിന്യ സംസ്കരണം

കേരളത്തിൽ പ്രതിദിനം ഏതാണ്ട് 10000 ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. വിവിധ തരത്തിലുള്ള ഇത്തരം മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ നിർമിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള സാങ്കേതിക സഹായം ശുചിത്വ മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നു. കൂടാതെ ഇത്തരം സംവിധാനങ്ങൾ നിർമിക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകളുടെ ക്രോഡീകരണം, വൻകിട പദ്ധതികളുടെ ടെൻഡർ നടത്തിപ്പിനുള്ള സഹായം, ഡിസൈനിലുള്ള സഹായം എന്നിവ തദ്ദേശസ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ നേരിട്ട് നൽകുന്നു.




**ജൈവ മാലിന്യ സംസ്കരണം**

ജൈവ മാലിന്യ സംസ്കരണത്തിനായി ഗാർഹികതല മാലിന്യ സംസ്കരണ ഉപാധികൾ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്നതിന് ഇതിനായുള്ള സേവനദാതാക്കളെയും കൂടാതെ കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും, പരിപാലിക്കുന്നതിനുമായി ഏജൻസികളെ കണ്ടെത്തുകയും എംപാനൽ ചെയ്യുകയും ചെയ്തു വരുന്നു. ഇത് കൂടാതെ PPP മാതൃകയിൽ പ്ലാന്റുകൾ നിർമ്മിക്കാൻ പരിചയമുള്ള ഏജൻസികളെയും ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നടത്തിയ ഇടപെടലുകളുടെ ഫലമായി സംസ്ഥാനമൊട്ടാകെ ജൈവ മാലിന്യ സംസ്കരണത്തിനായി സംവിധാനങ്ങൾ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു

മുപ്പത് ലക്ഷത്തിലധികം 30,80,616 ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ, ആയിരത്തിലധികം (1156) കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ ഉപാധികൾ, നാല്പത്തഞ്ചു തദ്ദേശ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ ഉപാധികൾ എന്നിവയ്ക്ക് പുറമെ പുതുതായി രണ്ട് കേന്ദ്രീകൃത (CBG) ബയോഗ്യാസ് പ്ലാന്റുകളുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

- ബ്രഹ്മപുരം (150 TPD) – BPCL മുഖാന്തിരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- പാലക്കാട് (200 TPD) – KSIDC മുഖാന്തിരം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി, വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്ന 180 ഏജൻസികളെ ശുചിത്വ മിഷൻ എംപാനൽ ചെയ്തു. കൂടാതെ കമ്മ്യൂണിറ്റിതല സംവിധാനങ്ങൾക്കായി ബിസിനസ്സ് മോഡലിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ചെയ്യുന്നതിന് സന്നദ്ധരായ 3 ഏജൻസികളെ DBOT അടിസ്ഥാനത്തിൽ CBG പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായും, 2 ഏജൻസികളെ DBOT അടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായും, 2 ഏജൻസികളെ DBOT അടിസ്ഥാനത്തിൽ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായും, 3 ഏജൻസികളെ PPP അടിസ്ഥാനത്തിൽ ബ്ലാക്ക് സോൾജ്യർ

ഫ്ലൈ (BSF) ബേസ്ഡ് വേസ്റ്റ് മാനേജ്മെന്റിനായും, മത്സ്യമാലിന്യം ശേഖരിച്ച ശാസ്ത്രീയമായി സംസ്കരിക്കുന്ന ഏജൻസിയെയും ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുണ്ട്.
കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഗുണമേന്മയുള്ള ഇനോക്കുലം തദ്ദേശസ്ഥാപനങ്ങൾക്ക ലഭ്യമാക്കുന്നതിനായി കേരള കാർഷിക സർവകലാശാല മുഖേന ഇനോക്കുലം നിർമ്മിച്ച് സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യുന്നതിനുള്ള നടപടികളും കൂടാതെ NIIST യുമായി ചേർന്ന് സ്വകാര്യ ഇനോക്കുലം ഉദ്പാദകരെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്.

**വൻതോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർ (Bulk Waste Generators)**

ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് പാലിക്കേണ്ട കടമകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ആയതു സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നിയമ പരമായി സ്വന്തം നിലയിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് ബാധ്യസ്ഥരായ ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ മുതലായ വലിയ അളവിൽ മാലിന്യം ഉല്പാദിപ്പിക്കുന്നവരെ (BWG) മാലിന്യ സംസ്കരണത്തിൽ സഹായിക്കുന്നതിനായി അത്തരം സ്ഥാപനങ്ങൾക്കുള്ള വിവിധ തരം സംസ്കരണ സംവിധാനങ്ങളും അവ ലഭ്യമാക്കുന്ന ഏജൻസികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഏകോപനവും ബോധവത്കരണവും നൽകി വരുന്നു. ഇതിന്റെ ഫലമായി കേരള ഹോട്ടൽസ് ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ (KHRA), ജില്ലാതലത്തിൽ മാലിന്യം സംസ്കരിക്കുന്നതിനായി പെരുമ്പാവൂരിൽ 100 ടൺ പ്രതിദിന ശേഷിയുള്ള കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലും സ്ഥാപനതലത്തിൽ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.
മറ്റ് ജൈവ മാലിന്യങ്ങളുടെ സംസ്കരണം

- മത്സ്യ മാലിന്യം

മത്സ്യമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ശുചിത്വ മിഷൻ തയ്യാറാക്കിയത് അന്തിമഘട്ടത്തിലാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യ മാർക്കറ്റുകളിൽ നിന്നുള്ള മത്സ്യ മാലിന്യം ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ മുഖേന ശേഖരിച്ച സംസ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

- മുടി മാലിന്യം

മുടി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ തയ്യാറാക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾ അനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. മുടി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത്തിനായി, ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ എന്നിവിടങ്ങളിൽ നിന്നും മുടി മാലിന്യം ശേഖരിച്ച അവയിൽ നിന്നും കമ്പോസ്റ്റ് ഉത്പാദിക്കുന്ന ഏജൻസിയെയും ശുചിത്വ മിഷൻ കണ്ടെത്തി എംപാനൽ ചെയ്തിട്ടുണ്ട്. ഇത്തരം ഏജൻസികളുടെ സേവനം ഉപയോഗിച്ച് മുടിമാലിന്യം സംസ്കരിക്കുന്നതിലേയ്ക്കായി ബാർബർ ഷോപ്പ് ഉടമകളുടെ അസോസിയേഷനുകളുമായി ഉള്ള ചർച്ചകൾ പ്രാരംഭ ദിശയിലാണ്.

- കോഴിമാലിന്യം

കോഴിമാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണത്തിനായി സ്വകാര്യ ഏജൻസികൾ മുഖേന സംസ്ഥാനത്തൊട്ടാകെ 900 TPD ആകെ സംസ്കരണ ശേഷിയിൽ 38 റെന്ററിംഗ് പ്ലാന്റുകൾ 10 ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. ഇവയുടെ നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശം ശുചിത്വ മിഷൻ തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ ജില്ലാതലത്തിൽ കളക്ടർ അദ്ധ്യക്ഷനായുള്ള DLFMC കളാണ് ഇത്തരം റെന്ററിംഗ് പ്ലാന്റുകളുടെ പ്രവർത്തനനാനുമതി നൽകുന്നതും മോണിറ്ററിംഗ് നടത്തുന്നതും. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ നിലവിൽ കോഴിമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ട്.

- പന്നി ഫാമുകളിലെ മാലിന്യ സംസ്കരണം

KSPCB നിർദ്ദിഷ്ട മാലിന്യ സംസ്കരണ സംവിധാനങ്ങളോട് കൂടിയതും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തന ലൈസൻസ് ഉള്ളതുമായ പന്നി ഫാമുകളെ BWG യിൽ നിന്നും മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള അംഗീകൃത ഏജൻസികളായി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു. പന്നി ഫാമുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിലേക്കും പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിലേക്കും LSGD, മൃഗ സംരക്ഷണ വകുപ്പ്, KSPCB എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ നേതൃത്ത്വത്തിൽ പന്നി ഫാമുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിലേക്ക് ശുചിത്വ മിഷൻ നടപടിക്രമം തയ്യാറാക്കി സർക്കാർ അംഗീകാരം നേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. കേരള മുനിസിപ്പൽ (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിലേക്ക് കരട് തയ്യാറാക്കി വരുന്നു. പന്നിഫാമുകളുടേയും വാഹന സർവ്വീസ് നൽകുന്ന ഏജൻസികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത മോണിറ്ററിംഗ് സംവിധാനം ഹരിതമിത്രം – കെ സ്മാർട്ട് ആപ്പ് മുഖാന്തിരം ഒരുക്കി വരുന്നു.

- അജൈവ മാലിന്യ സംസ്കരണം

വാതിൽപ്പടി ശേഖരണത്തിനായി ആവശ്യത്തിന് ഹരിതകർമ്മസേന അംഗങ്ങളെ നിയമിക്കുക, വാർഡിൽ രണ്ടു എന്ന നിലയിൽ മിനി എം.സി.എഫുകൾ സ്ഥാപിക്കുക, ആവശ്യത്തിന് സ്ഥല സൗകര്യമുള്ള എം.സി.എഫുകൾ സ്ഥാപിക്കുക, മാലിന്യം കെട്ടിക്കിടക്കാത്ത രീതിയിൽ നീക്കം ചെയ്യുന്നതിനായി വാഹന സൗകര്യം ഒരുക്കുക എന്നിങ്ങനെ എല്ലാ കാര്യങ്ങളിലും ശുചിത്വ മിഷൻ സജീവമായി ഇടപെടുകയും അതിനായുള്ള സംവിധാനങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ ഒരുക്കാൻ കഴിയുകയും ചെയ്തു.

- **മിനി എം.സി.എഫുകൾ** – 18228
- **എം.സി.എഫുകൾ/ ആർ.ആർ.എഫുകൾ** – 1501

സമയബന്ധിതമായി എല്ലാത്തരം അജൈവ മാലിന്യത്തിന്റെയും ശേഖരണവും, കൈയ്യൊഴിയലും ഉറപ്പു വരുത്തുന്നതിലേക്കായി ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഏകീകൃത കളക്ഷൻ സംവിധാനം കൊണ്ടുവരുകയും കലണ്ടർ അടിസ്ഥാനത്തിൽ ഇ മാലിന്യം, തുണി, തുകൽ, ചെരുപ്പ്, ബാഗുകൾ, തെർമോകോൾ, ഗ്ലാസ്സ്, ട്യൂബ് ലൈറ്റുകൾ, മരുന്ന് സ്ട്രിപ്പുകൾ മുതലായ

വിവിധ തരം മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. മാലിന്യ സംസ്കരണത്തിൽ, ക്ലീൻ കേരളാ കമ്പനിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി MCF/RRF കളിൽ നിന്നും അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ജി.പി.എസ് സംവിധാനം, ഗോഡൗൺ സൗകര്യം, സിമന്റ് ഫാക്ടറിയുമായും റീസൈക്ലിങ് പ്ലാന്റുകളുമായും എഗ്രിമെന്റ് ഉള്ളതുമായ 26 ഏജൻസികളെ ശുചിത്വ മിഷൻ പരിശോധിച്ച് എംപാനൽ ചെയ്തു.

MCF/RRF കെട്ടിടങ്ങൾ നിർമിക്കാൻ ആവശ്യമായ ഡിസൈൻ, മാർഗ്ഗരേഖ, ഇവയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ശുചിത്വ മിഷൻ തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

മാലിന്യങ്ങൾ റീസൈക്ലിങ് ചെയ്യുന്ന വിവിധ മേഖലകളിലെ ഏജൻസികളെ ശുചിത്വ മിഷൻ എംപാനൽ ചെയ്യുകയും പുനഃചംക്രമണ യോഗ്യമല്ലാത്തവ സംസ്ഥാനത്തിന് പുറത്തെ സിമന്റ് ഫാക്ടറികളിലേക്കു സംസ്കരണത്തിനായി അയക്കുകയും ചെയ്യുന്നു.

ആക്രിക്കടകൾ മുഖേന ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പു വരുത്തുന്നതിനായി, സ്ക്രാപ്പ് വ്യാപാരവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം സമയബന്ധിതമായി എം.സി.എഫുകളിൽ എത്തിക്കുന്നതിനായുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ ശുചിത്വ മിഷന്റെ മാർഗനിർദ്ദേശ പ്രകാരം 944 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

MCF/RRF കളിൽ നിന്നും അംഗീകൃത ഏജൻസികൾ മുഖേന സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യുന്നതിന് കൃത്യമായ ലിഫ്റ്റിംഗ് പ്ലാൻ 954 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

- ആപത്കരമായ ഗാർഹിക മാലിന്യങ്ങളും സാനിറ്ററി മാലിന്യങ്ങളും

ആപത്കരമായ ഗാർഹിക മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിവ വീടുകളിൽ നിന്നും ശേഖരിച്ച് എറണാകുളം ആസ്ഥാനമാക്കിയുള്ള KEIL ലെ കേന്ദ്രീകൃത സംവിധാനത്തിൽ എത്തിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള യൂസർഫീ, അടിസ്ഥാന വാഹന സൗകര്യങ്ങൾ, കൈകാര്യം ചെയ്യേണ്ട വിധം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കരട് മാർഗ്ഗരേഖ, ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, KEIL ന് സമീപമുള്ള 7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തു.

പൈലറ്റ് പദ്ധതി നിർവ്വഹണത്തിൽ നിന്നും, സാനിറ്ററി മാലിന്യ സംസ്കരണത്തിനും, ആപത്കരമായ ഗാർഹിക മാലിന്യ സംസ്കരണത്തിനും പ്രത്യേകം മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ആപത്കരമായ ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം തയ്യാറാക്കി ശുചിത്വ മിഷൻ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഗാർഹിക ആപത്കരമായ മാലിന്യം ശേഖരിച്ച് KEIL

മുഖാന്തിരം ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനായി ഏജൻസിയെ കണ്ടെത്തി ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുണ്ട്.

പൈലറ്റ് പദ്ധതിയുടെ അടിസ്ഥാനത്തിൽ സാനിറ്ററി മാലിന്യം വീടുകളിൽ നിന്ന് ശേഖരിക്കുന്ന ഏജൻസിയെയും കൂടാതെ ഇൻസിൻറേറ്ററുകൾ സ്ഥാപിക്കുന്നതിനായുള്ള ഏജൻസികളെയും ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുണ്ട്. കിടപ്പ് രോഗികൾ ഉപയോഗിക്കുന്ന അഡൽറ്റ് ഡയപ്പർ, കുട്ടികളുടെ ഡയപ്പർ എന്നിവ സംസ്കരിക്കാൻ കമ്മ്യൂണിറ്റി തലത്തിൽ ഉള്ള ഇൻസിനറേറ്ററുകൾ ആവശ്യമാണ്. ഇതിനായി, ഇത്തരം പ്ലാന്റുകൾ ജില്ലാ തലത്തിൽ രണ്ടെണ്ണം നിർമ്മിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ഇവ നിർമിക്കുന്നതിനുള്ള വിശദമായ സ്പെസിഫിക്കേഷൻ തയ്യാറാക്കി നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തു 4740 സ്ഥാപനതല സാനിറ്ററി ഇൻസിനറേറ്റർ 2 കമ്മ്യൂണിറ്റിതല സാനിറ്ററി വേസ്റ്റ് ഇൻസിനറേറ്റർ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 31 തദ്ദേശ സ്ഥാപനങ്ങൾ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശുചിത്വ മിഷൻ, സാനിറ്ററി മാലിന്യം ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതു സംബന്ധിച്ച കരട് മാർഗനിർദേശങ്ങൾ തയ്യാറാക്കി സർക്കാരിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

- കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യം (C & D Waste)

കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ടു ഉണ്ടാകുന്ന മാലിന്യം പുനരുപയോഗിക്കുന്നതിനായി അവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്ന തിനുമുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കി സർക്കാർ ഉത്തരവ് ആയി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം ഇവയുടെ ശേഖരണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവ മറ്റു നിർമ്മാണ സാമഗ്രികളായി പരിവർത്തനം ചെയ്യുന്നതിന് പ്രൈവറ്റ് കമ്പനികളുമായി ചേർന്ന് സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. ഇതേ തുടർന്ന് C & D മാലിന്യ സംസ്കരണ പ്ലാന്റ് – എറണാകുളം ജില്ലയിൽ ഇടയാറിൽ സ്വകാര്യ പങ്കാളിത്തത്തോടെ നിർമാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, PPP അടിസ്ഥാനത്തിൽ (C & D) വേസ്റ്റ് പരിപാലനത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് സ്വകാര്യ ഏജൻസികളുമായും ക്രഷർ യൂണിറ്റുകളുമായും ശുചിത്വ മിഷൻ ചർച്ചകൾ നടത്തി വരുന്നു.

- ഇ മാലിന്യം (E waste)

കേരളാ മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് ഇ മാലിന്യത്തിനായി EPR പോളിസി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഇ–വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിവിൽ ഒരു റീസൈക്ലിങ് ഏജൻസിയെ ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുണ്ട്. ഇ–മാലിന്യം തരം തിരിച്ച് കൈമാറുക വഴി ഹരിത കർമ്മസേനയ്ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിലേക്കായി Centre for Materials for Electronics Technology (C-MET) ന്റെ സഹകരണത്തോടെ ഇ വേസ്റ്റ് ഡിസ്മാന്റിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കുടുംബശ്രീ മിഷനുമായി ചർച്ചകൾ നടന്നു വരുന്നു.

- തുണി മാലിന്യം

ക്ലീൻ കേരളാ കമ്പനി/ പ്രൈവറ്റ് ഏജൻസികൾ മുഖേന ശേഖരിക്കുന്ന തുണി മാലിന്യം അപ്സൈക്ലിംഗ് ചെയ്തു പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു ഏജൻസിയെ എംപാനൽ ചെയ്തിട്ടുണ്ട്.

- പരമ്പരാഗത മാലിന്യക്കൂമ്പാരങ്ങൾ അഥവാ ലെഗസി മാലിന്യ സംസ്കരണം

ലെഗസി മാലിന്യ സംസ്കരണം സംബന്ധിച്ച നടപടിക്രമങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കുകയും ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകി വരികയും ചെയ്യുന്നു. ഡംപ്സൈറ്റുകളുടെ ബയോ–റെമഡിയേഷൻ പ്രവൃത്തികൾ ആരംഭിക്കുന്നതിലേക്കുള്ള കരട് ടെണ്ടർ ഡോക്യുമെന്റുകൾ തയാറാക്കുന്നതിലേക്കും ആവശ്യമായ പിന്തുണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു

- ആകെ ലെഗസി ഡംപ്സൈറ്റുകൾ – 59
- റെമഡിയേഷൻ പൂർത്തിയായവ – 23
- റെമഡിയേഷൻ പുരോഗമിക്കുന്നവ – 8
- ടെണ്ടർ നടപടി പുരോഗമിക്കുന്നവ – 28

ബ്രഹ്മപുരത്തു ലെഗസി മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപെട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി KSWMP യുമായി ചേർന്ന് കൊച്ചി നഗരസഭയ്ക്ക് ടെൻഡർ രേഖകൾ, കരാർ ഉടമ്പടികൾ എന്നിവ തയ്യാറാക്കി നൽകുകയും കരാറിൽ ഏർപ്പെട്ട പുതിയ കമ്പനിയുടെ ട്രയൽ റൺ പരിശോധിച്ച തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. പ്രവർത്തനത്തിന്റെ ആദ്യഘട്ടം മുതൽ തന്നെ മോണിറ്ററിങ് ചെയ്തു വരികയും ചെയ്യുന്നു. `

- നിഷ്ക്രിയ മാലിന്യം (പുനരുപയോഗിക്കാൻ കഴിയാത്തവ)

ഒമ്പതോളം സിമെന്റ് കമ്പനികൾക്കു ഇന്ധനമായി ഉപയോഗിക്കുന്നതിനായാണ് നിലവിൽ റിജെക്ട് മാലിന്യം നൽകി വരുന്നത്. റിജെക്ട് മാലിന്യ നീക്കം സുഗമമാക്കുന്നതിനായി അവ ആർ.ഡി.എഫ് ആക്കി മാറ്റുന്ന 4 മെഷീനുകൾ (കൊച്ചി–2, തിരുവനന്തപുരം –2) 2 സ്ഥലങ്ങളിൽ സ്ഥാപിച്ചു. കൂടാതെ 5 തദ്ദേശ സ്ഥാപനങ്ങൾ ആർ.ഡി.എഫ്. പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് മാലിന്യം അന്യ സംസ്ഥാനങ്ങളിലുള്ള സിമെന്റ് ഫാക്ടറികളിലേയ്ക്ക് അയക്കുന്നത് ഒഴിവാക്കാനായി മലബാർ സിമന്റ് കമ്പനിയുമായുള്ള ചർച്ചകൾ വ്യവസായ വകുപ്പിന്റെ സഹായത്തോടു കൂടി ശുചിത്വ മിഷൻ നടത്തി വരുന്നു.

മറ്റ് സാങ്കേതിക സഹായ സ്ഥാപനങ്ങളുമായുള്ള സഹകരണം

- ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി, നിലവിലെ സേവനദാതാക്കളുടെയും മാലിന്യ സംസ്കരണ ഉപാധികളുടെയും പ്രവർത്തന കാര്യക്ഷമത വിലയിരുത്തി ഏജൻസികളുടെ റാങ്കിങ് നടത്തുന്നതിന് **CMDയെ നിയോഗിച്ചു.**
- മാലിന്യ സംസ്കരണ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ (PPP model പ്രവർത്തികൾ) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ടെൻഡർ രേഖകൾ, കരാർ ഉടമ്പടികൾ എന്നിവ തയ്യാറാക്കുന്നതിനും സാമ്പത്തിക ഫീസിബിലിറ്റി

പരിശോധിച്ച ഉറപ്പ വരുത്തുന്നതിനുമായി **CMDയെ ശുചിത്വമിഷന്റെ transaction advisor ആയി ചുമതലപ്പെടുത്തി.**

- സാങ്കേതിക വിദ്യകൾ സംബന്ധിച്ച അറിവുകൾ പങ്കു വയ്ക്കുന്നതിനും ഗുണമേന്മ സംബന്ധിച്ച ടെസ്റ്റുകൾ നടത്തുന്നതിനും National Institute for Interdisciplinary Science and Technology (NIIST), അംഗീകൃത എൻജിനീയറിംഗ് കോളേജുകൾ എന്നിവയെ ശുചിത്വമിഷന്റെ നോളജ് പാർട്ണറായി അംഗീകരിച്ചു.

**ഖരമാലിന്യ പരിപാലനം – ടെക്നിക്കൽ കമ്മിറ്റി യോഗങ്ങളുടെയും അനുബന്ധ എംപാനൽമെന്റുകളുടെയും വിശദാംശങ്ങൾ**

| ക്രമ നം. | ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് തീയതി | വിഷയം | എംപാനൽ ചെയ്ത ഏജൻസികൾ | സേവന മേഖല |
|---|---|---|---|---|
| 1 | 27-04-2023 | ഉറവിട ഖര(ജൈവ) മാലിന്യ സംസ്കരണ ഉപകരണങ്ങളുടെ സബ്സിഡി, നിലവിലെ ഉപാധികളുടെ പ്രായോഗികത വിലയിരുത്തൽ, പേറ്റന്റ് അനുമതികൾ സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനും അന്തിമമാക്കുന്നതിനും ചേർന്ന യോഗം | | |
| 2 | 22-05-2023 | ആധുനിക സ്ലോട്ടർ ഹൗസ് നിർമാണം സംബന്ധിച്ച ചർച്ച | | |
| 3 | 06-06-2023 | ഖര(ജൈവ) മാലിന്യ സംസ്കരണ ഉപകരണങ്ങൾ/ സാങ്കേതികവിദ്യയുടെ അംഗീകാരം സംബന്ധിച്ച ചർച്ച | ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജീസ് | ബിഎസ്എഫ് ലാർവ ഉപയോഗിച്ച് ഭക്ഷ്യാവശിഷ്ടങ്ങൾ കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള അംഗീകാരം |
| | | | കെ.എം. ഷിബു | 1 വർഷത്തേക്ക് പൈലറ്റ് പഠനത്തിനു റോബോബിൻ ഉപകരണത്തിന് അംഗീകാരം |
| 4 | 05-08-2023 | ഖര(ജൈവ) മാലിന്യ സംസ്കരണ ഉപകരണങ്ങൾ/ സാങ്കേതികവിദ്യയുടെ അംഗീകാരം | വികാസിറ്റ് എക്കോ സിസ്റ്റം | 2 വർഷത്തേക്ക് പൈലറ്റ് അടിസ്ഥാനത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടറിന് അംഗീകാരം |
| 5 | 27-09-2023 | ഖര(ജൈവ) മാലിന്യ സംസ്കരണ ഉപകരണങ്ങൾ/ സാങ്കേതികവിദ്യയുടെ അംഗീകാരം | ഇല്ല | ഇല്ല |
| 6 | 04-10-2023 | ബാർക്ക അംഗീകരിച്ച ടെക്നോളജി ട്രാൻസ്ഫർഡ് ചെയ്ത ഏജൻസികളുടെ അംഗീകാരം | ഇല്ല | ഇല്ല |
| 7 | 05-10-2023 | കുന്നുകുഴിയിൽ (തിരുവനന്തപുരം കോർപ്പറേഷൻ) ആധുനിക അറവുശാല പദ്ധതിയുടെ നിർമാണം സംബന്ധിച്ച ചർച്ച | | |
| 8 | 10-10-2023 | കോഗോ ഇക്കോ ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള യോഗം | | |
| 9 | 25-10-2023 | ഖര(ജൈവ) മാലിന്യ | ഇല്ല | ഇല്ല |

| | | | | |
|---|---|---|---|---|
| | | സംസ്കരണ ഉപകരണങ്ങൾ/ സാങ്കേതികവിദ്യയുടെ അംഗീകാരം | | |
| 10 | 29-01-2024 | ശുചിത്വ മിഷൻ അംഗീകരിച്ച ഖര(ജൈവ) മാലിന്യ സംസ്കരണ ഉപാധികളുടെ റേറ്റ് ഫിക്സ് ചെയ്യുന്നതിനുള്ള യോഗം. | ജെ.എം.പി. ടാലന്റ് വർക്ക്സ് | ബയോപോഡ് |
| | | | ജെറ്റ്കോ പോളിമേഴ്സ് | ഗാർഡൻ കമ്പോസ്റ്റർ |
| | | | കെ.എം.പ്രീകാസ്റ്റ് കോൺക്രീറ്റ് വർക്ക്സ് | അണ്ടർഗ്രൗണ്ട് കിച്ചൺ വേസ്റ്റ് ഡിസ്പോസൽ ടാങ്ക് |
| 10 | 30-01-2024 | ഇ.ഒ.ഐ പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധന നടത്തുന്നതിനുള്ള യോഗം | ജി.പി.എസ്സ്. റിന്യൂബബിൾസ് പ്രൈവറ്റ് ലിമിറ്റഡ് | ഡി.ബി.ഒ.റ്റി മാതൃകയിൽ ബയോ ഊർജ മോഡൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി അംഗീകാരം |
| | | | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | ഡി.ബി.ഒ.റ്റി മാതൃകയിൽ ഫിക്സഡ്/ ഫ്ലോട്ടിംഗ് ഡോം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അംഗീകാരം |
| 11 | 13-02-2024 | ഇ.ഒ.ഐ പ്രകാരം ലഭിച്ച അപേക്ഷകളും ജൈവമാലിന്യ സംസ്കരണ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനു സേവന ദാതാവായി അംഗീകാരം ലഭിക്കുന്നതിനായി ഏജൻസികളിൽ സമർപ്പിച്ച അപേക്ഷകളും | സഹ്യ സൊല്യൂഷൻസ് | ഡി.ബി.ഒ.റ്റി മോഡിൽ ഇ-മാലിന്യങ്ങളുടെ ശേഖരണം, സെഗ്രിഗേഷൻ, ഡിസ്മെന്റലിങ്, റീസൈക്ലിങ് |
| | | | എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് | സ്ഥാപന തല സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേയ്ക്കായി അംഗീകാരം |

| | | | | |
|---|---|---|---|---|
| | | പരിശോധിക്കുന്നതിനുള്ള യോഗം. | ഫ്ലോററ്റ് ടെക്നോളജീസ് | കമ്മ്യൂണിറ്റി & സ്ഥാപനതല സാനിറ്ററി വേസ്റ്റ് ഡിസ്ട്രോയർ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി അംഗീകാരം |
| | | | ഫ്യൂച്ചർ ഷുവർ | റിംഗ് കമ്പോസ്റ്റ് യൂണിറ്റിന്റെ വിതരണം |

### 4.2 ദ്രവ മാലിന്യ സംസ്കരണം

കേരളത്തെ സമ്പൂർണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി 2016 നവംബർ ഒന്നിന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ അതു മൂലമുള്ള രണ്ടാം തലമുറ പ്രശ്നങ്ങൾ സംസ്ഥാനം അഭിമുഖീകരിക്കുകയാണ്. ആകെയുള്ള കക്കൂസ് മാലിന്യത്തിന്റെ ഏകദേശം 4% മാത്രമേ ശാസ്ത്രീയമായി ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ മുഖേന സംസ്കരിക്കുന്നുള്ളൂ. കക്കൂസ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് വഴി കേരളത്തിലെ ജലാശയങ്ങളും ഭൂഗർഭ ജലവും മാലിന്യ മുക്തമമാകുന്നത് കൂടാതെ Sustainable Development Goal (SDG) ഇൽ ആറാമത്തെ ലക്ഷ്യമായ "Clean water & Sanitation" ഘടകത്തിൽ സംസ്ഥാനത്തിന് മുന്നേറാനും സാധിക്കുന്നതാണ്.

കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് പ്രധാനമായും അർബൻ ലോക്കൽ ബോഡികളിൽ നെറ്റ് വർക്ക് അധിഷ്ഠിതമായ STP കൾ സ്ഥാപിക്കുകയോ കോ-ട്രീറ്റ്മെന്റ് സംവിധാനം ഉപയോഗിക്കുകയോ ആണ് വേണ്ടത്. എന്നാൽ സ്ഥല ലഭ്യതക്കുറവ്, ഫണ്ട് ലഭ്യതക്കുറവ്, ചെറിയ റോഡുകളിലൂടെ സീവേജ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് കേരളത്തിന്റെ സാഹചര്യത്തിൽ അർബൻ ലോക്കൽ ബോഡികളിൽ  നെറ്റ് വർക്ക് അധിഷ്ഠിതമായ STP കൾ സ്ഥാപിക്കുന്നത് ഒരു വെല്ലുവിളിയാണ്.

ഗ്രാമ പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ FSTP കൾ സ്ഥാപിക്കുന്നതാണ് ശാശ്വതമായ പരിഹാരം. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വേണ്ടി മുന്നിട്ടിറങ്ങിയപ്പോൾ  വിവിധ സ്ഥലങ്ങളിൽ നിന്നും വ്യാപകമായ പൊതുജന പ്രതിഷേധങ്ങൾ നേരിടേണ്ടതായി വന്നു. അവ മറികടക്കുന്നതിനായി നല്ല രീതിയിലുള്ള ദ്രവ മാലിന്യ സംസ്കരണത്തെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കേണ്ട ആവശ്യം മനസ്സിലാക്കുകയും ആയതിന് വേണ്ടി ശുചിത്വ മിഷനും ഹരിത കേരള മിഷനും സംയുക്തമായി " തെളിനീരൊഴുകും നവകേരളം" എന്ന ക്യാമ്പയിൻ നടത്തുകയും ചെയ്തു.

STP, FSTP പദ്ധതി രൂപീകരണവും തുടർ നടപടികളും

കേന്ദ്രാവിഷ്കൃത പദ്ധതിയായ SBM (G) മുഖേന ഗ്രാമ പ്രദേശങ്ങളിൽ FSTP യും  SBM (U) മുഖേന നഗര പ്രദേശങ്ങളിൽ നെറ്റ് വർക്ക് അധിഷ്ഠിതമായ  STP യും നടപ്പിലാക്കാൻ സാധ്യമാണ്.

- പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തൽ

മാലിന്യ സംസ്കരണ പദ്ധതികൾ പൊതുവേ നേരിടുന്ന പൊതുജന പ്രതിഷേധങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ പ്രവർത്തനരഹിതമായ ക്വാറി സൈറ്റുകൾ കണ്ടെത്തി ഇത്തരത്തിലുള്ള ഭൂമികൾ FSTP നിർമ്മാണത്തിന് ഫീസിബിലിറ്റി (Technical, financial, economical) പരിശോധിക്കുന്നതിന് ജില്ലാതല സാങ്കേതിക സമിതി 21.10.2022 ലെ സ.ഉ (സാധാ) നം. 2558/2022/ത.സ്വ.ഭ.വ പ്രകാരം രൂപീകരിക്കുകയും GIS അനാലിസിസ് ഉൾപ്പെടെ നടത്തി 41 സൈറ്റുകൾ അനുയോജ്യമെന്ന് കണ്ടെത്തുകയും ചെയ്തു. ഇവയ്ക്ക് പുറമേ നിർദ്ദിഷ്ട ഉപയോഗത്തിന് അനുയോജ്യമായ മറ്റു വകുപ്പുകളുടെ ഭൂമികൾ ഉൾപ്പെടെ ആകെ 82 സൈറ്റുകളായി പിന്നീട് ലിസ്റ്റ് പുനഃക്രമീകരിച്ചു. 82 സൈറ്റുകളിലെ FSTP കൾ സേവനം ചെയ്യേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക ക്ലസ്റ്ററടിസ്ഥാനത്തിൽ GIS ഉപയോഗിച്ചു തയ്യാറാക്കി തെരഞ്ഞെടുത്ത 82 സൈറ്റുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള 9 ക്വാറികളും, സ്വകാര്യ ഉടമസ്ഥതയിലുള്ള 22 ക്വാറികളും, റവന്യൂ ഭൂമിയായ 7 സൈറ്റുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 24 സൈറ്റുകളും വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 6 സൈറ്റുകളും ഉൾപ്പെടുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം വകുപ്പിൽ തന്നെ നിലനിർത്തി കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറുന്നതിന് അനുമതി ലഭിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം നിലവിൽ 3 സ്ഥലങ്ങൾക്ക് ജില്ല കളക്ടർമാർ അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ നിലവിൽ പദ്ധതി ഏറ്റെടുത്ത് തുടർ പ്രവർത്തങ്ങൾ നടത്തി വരുന്നു.

സ്വകാര്യ ഉടമസ്ഥതയിലുള്ള ക്വാറികൾ തുടർ ഖനനത്തിന് അനുമതി ലഭ്യമായത് കൊണ്ടും സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിലും മറ്റ് വകുപ്പുകളുടെ ഭൂമിയിലും പൊതുജന പ്രതിഷേധങ്ങളും വകുപ്പുകളുടെ താല്പര്യക്കുറവും മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവവും കാരണം 42 പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന 40 പദ്ധതികളിൽ SBM ഫണ്ട് ഉപയോഗിച്ച് കൊണ്ട് നടപ്പിലാക്കുന്ന 16 പദ്ധതികൾ പ്രഥമ പരിഗണനയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ പ്രത്യേകം അവലോകനം ചെയ്തു വരുന്നു. അമൃത്, ഇംപാക്ട് മുഖേന 7 പദ്ധതികളും SBM ഫണ്ട് ഉപയോഗിച്ച് കൊണ്ട് നടപ്പിലാക്കുവാനായി NOC ലഭ്യമായതും ലഭ്യമാകേണ്ടതും ഉൾപ്പടെ 17 പദ്ധതികളുടെ പ്രൊപ്പോസലും പരിഗണിക്കുന്നുണ്ട്. 100% കക്കൂസ് മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുന്നതിനായി ഇനിയും പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. അനുയോജ്യമായ സ്ഥലങ്ങൾ ലഭിക്കുന്നതനായി രാഷ്ട്രീയ സാമൂഹിക ഇടപെടലുകൾ അത്യാവശ്യമാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും മറ്റ് വകുപ്പുകളായ മെഡിക്കൽവിദ്യാഭ്യാസം, വ്യാവസായ വകുപ്പ്, ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (FACT), ഗവണ്മെന്റ് ക്വാറികൾ, സ്പോർട്സ് കൗൺസിൽ, ആഭ്യന്തര വകുപ്പ് എന്നിവിടങ്ങളിൽ FSTP കൾ സ്ഥാപിക്കുവാൻ അനുയോജ്യമായ കണ്ടെത്തിയ ഭൂമികൾക്ക് NOC ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടൽ ആവശ്യമാണ്.

- അണ്ടർഗ്രൗണ്ട് എസ്.ടി.പി കൾ

പൊതുജനങ്ങളുടെ എതിർപ്പും സ്ഥലലഭ്യത കുറവും കാരണം ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് എസ്.ടി.പികൾ സ്ഥാപിക്കുന്നതിന്റെ ഫീസിബിലിറ്റി പരിശോധിക്കുന്നതിനായി ശുചിത്വമിഷൻ, കേരള മലിനീകരണ നിയന്ത്രണ ബോർഡ്, ഇംപാക്ട്, അമൃത് എന്നിവിടങ്ങളിൽ നിന്നുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ സംഘം പഠനം നടത്തി അത് പ്രകാരം കേരളത്തിൽ ഫീസിബിൾ ആയ സ്ഥലങ്ങളിൽ അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത STP കളെ കുറിച്ചുള്ള സംശയനിവാരണത്തിനായി ബ്രോഷർ തയ്യാറാക്കി സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്.

- മൊബൈൽ ട്രീറ്റ്മെൻറ് യൂണിറ്റുകൾ

കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന്റെ നൂതന സാങ്കേതിക വിദ്യയാണ് മൊബൈൽ ട്രീറ്റ്മെൻറ് യൂണിറ്റുകൾ അഥവാ (MTU). ഒറ്റപ്പെട്ട സ്ഥലങ്ങളിലോ ഉൾപ്രദേശങ്ങളിലെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് MTU ഉപയോഗിക്കാവുന്നതാണ്. നിലവിൽ 4 തദ്ദേശ സ്ഥാപനങ്ങൾ ഫീക്കൽ ഫ്ളഡ്ജ് സംസ്കരിക്കുന്നതിനുള്ള മൊബൈൽ ട്രീറ്റ്മെൻറ് യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. 12 തദ്ദേശ സ്ഥാപനങ്ങൾ ഇവ വാങ്ങുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മൊബൈൽ ട്രീറ്റ്മെൻറ് യൂണിറ്റുകൾ സ്ഥാപിച്ച് നടപ്പിലാക്കുന്നതിനുള്ള SOP യുടെ കരട് രേഖ തയാറക്കിയിട്ടുണ്ട്. കൂടാതെ GeM പോർട്ടലിൽ പ്രസ്തുത വാഹനം പ്രൊക്യൂർമെൻറ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- സേവന ദാതാക്കൾ

തദ്ദേശ സ്ഥാപനങ്ങൾ ദ്രവമാലിന്യ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സാങ്കേതിക വൈദഗ്ധ്യം ഉള്ള സേവന ദാതാക്കളുടെ അഭാവം പദ്ധതികൾ രൂപീകരിക്കുന്നതിന് തടസം നേരിടുന്നതായി കണ്ടു വരുന്നു. ഈ സാഹചര്യത്തിൽ ദ്രവ മാലിന്യ പദ്ധതികൾ accredited ഏജൻസികൾ മുഖേന നിർവ്വഹണനത്തിനായി നല്കി വന്നു. 2 accredited ഏജൻസികൾ മാത്രമേ നിലവിൽ ദ്രവ മാലിന്യ പ്രവർത്തികൾക്കായിട്ടുള്ളത്. ഈ സാഹചര്യത്തിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥ രൂപപ്പെടുമെന്നതിനാൽ കൂടുതൽ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രസ്തുത നടപടി അനുസരിച്ച് DPR തയാറാക്കുന്നതിനായി എംപാനൽ ചെയ്യുന്നതിനായി അപേക്ഷ ക്ഷണിക്കുകയും വിശദമായ സാങ്കേതിക സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10 ഏജൻസികളെ എംപാനൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുവാൻ വന്നിട്ടുള്ള താല്പര്യം കണക്കിലെടുത്ത് കൂടുതൽ സേവന ദാതാക്കളെ ഉൾപ്പെടുത്തുന്നതിന് വേണ്ടി എംപാനൽ ചെയ്യുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

കേരളത്തിൽ FSTP നിർമ്മിക്കുന്നതിന് സാങ്കേതിക മികവുള്ള സേവന ദാതാക്കളുടെ അഭാവം കാരണം സംസ്ഥാനത്തിന് പുറത്തുള്ളവരെയും ഉൾപ്പെടുത്തി 8 ഏജൻസികളെ DBOT മാതൃകയിൽ FSTP പ്ലാന്റ് നിർമ്മിക്കുന്നതിനായി എംപാനൽ ചെയ്തു. കൂടാതെ സ്ഥല പരിമിതികൾ ഉള്ള

സാഹചര്യത്തിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് packaged STP നിർമ്മിക്കുന്നതിനുള്ള സേവന ദാതാക്കളായി 4 പേരെ എംപാനൽ ചെയ്യുകയും ചെയ്തു. G.O.(Rt).No.1727/2023/ LSGD dated 24/08/2023 സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഏജൻസികൾ പായ്ക്കേജ്ഡ് എസ്ടിപി സ്ഥാപിക്കുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

- നിർവ്വഹണരീതി – ഡി ബി ഓ ടി മോഡൽ

ടെണ്ടറിംഗ് മുഖേന DPR തയ്യാറാക്കുന്നതു ഒരു പദ്ധതിയും നിർമ്മാണം നടത്തുന്നത് വേറൊരു പദ്ധതിയും എന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിന് ഡി ബി ഓ ടി മോഡൽ പിൻതുടരാം എന്ന് അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവ് 28-04-2022 ൽ സ.ഉ.(സാധാ) നം.1058/2022/LSGD പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്തു വരുന്നു.

- പദ്ധതികളുടെ വിലയിരുത്തലും അവലോകനവും

എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി പുരോഗതി കൈവരിച്ച് കൊണ്ടിരിക്കുന്ന പദ്ധതികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു വരുന്നു. നിലവിൽ അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലും പ്രിസിപ്പൽ ഡയറക്ടർ തലത്തിലും എക്സിക്യൂട്ടീവ് ഡയറക്ടർ തലത്തിലും അവലോകന യോഗങ്ങൾ നടന്നു വരുന്നു.

- ഗ്രേ വാട്ടർ മാനേജ്മെൻറ് പദ്ധതികൾ

ഗ്രേ വാട്ടർ മാനേജ്മെൻറ് SBM ഗ്രാമീൺ സ്കീമിലെ പ്രധാന ഘടകമാണ്. നിലവിൽ സോക്ക് പിറ്റ്, ലീച്ച് പിറ്റ് തുടങ്ങിയ പദ്ധതികൾ MGNREGS മുഖേന കൺവേർജൻസായി ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. സ്കൂളുകൾ, മാർക്കറ്റുകൾ, അംഗൻവാടികൾ തുടങ്ങിയ സ്ഥലങ്ങളിൽ Packaged ഗ്രേ വാട്ടർ ട്രീറ്റ്മെൻറ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

- SBM Kosh

സ്വച്ഛ് ഭാരത് കോഷ് (എസ്.ബി.കെ) സ്കീം പ്രകാരം സംസ്ഥാനത്തിന് 1.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് നിർദ്ദിഷ്ട സാങ്കേതിക വിദ്യയിലുള്ള പദ്ധതികൾ തിരുവനന്തപുരം ജില്ലയിലെ പ്രവാച്ചമ്പലത്തും കാസറഗോഡ് ജില്ലയിലെ കുമ്പളയിലും ഏറ്റെടുത്തിട്ടുണ്ട്.

- സാങ്കേതിക സഹായ സംവിധാനങ്ങൾ

ശുചിത്വ മിഷൻ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ ദ്രവ മാലിന്യ പദ്ധതികൾക്ക് സാങ്കേതിക അനുമതി നല്കി വരുന്നു. കൂടാതെ മറ്റിതര വകുപ്പുകളുടെ കീഴിലുള്ള സഹ-സ്ഥാപനങ്ങൾക്കു ആവശ്യാനുസരണം സാങ്കേതിക നിർദ്ദേശങ്ങൾ നല്കി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ദ്രവമാലിന്യ സംസ്കരണ പദ്ധതികൾക്കായി 8 പ്രോജക്ടുകൾക്ക് റിവിഷൻ

ഉൾപ്പെടെ ശുചിത്വമിഷൻ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 3 ദ്രവമാലിന്യ പദ്ധതികൾക്ക് സാങ്കേതിക അനുമതി അനുവദിച്ചു. ആകെ നാളിതു വരെ 37 പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക സമിതി മുൻപാകെ സമർപ്പിച്ച 6 ടെൻഡറുകളുടെ സാങ്കേതിക പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതികസമിതി മുൻപാകെ പരിശോധിച്ച 10 നൂതന സാങ്കേതിക വിദ്യകളിൽ 5 എണ്ണം അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**ദ്രവമാലിന്യ പരിപാലനം – ടെക്നിക്കൽ കമ്മിറ്റി യോഗങ്ങളുടെയും അനുബന്ധ എംപാനൽമെന്റുകളുടെയും വിശദാംശങ്ങൾ**

| ഡി.പി.ആർ പരിശോധന | | |
|---|---|---|
| ക്രമ നമ്പർ | ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് തീയതി | പ്രോജക്ടിന്റെ പേര് |
| 1 | 12-06-2023 | എസ്.ടി .പി കില |
| 2 | | എഫ്.എസ്.ടി .പി മാവേലിക്കര |
| 3 | 26-07-2023 | ഇ.ടി.പി., നെടുമങ്ങാട് അറവുശാല |
| 4 | 16-09-2023 | തൃശ്ശൂർ രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിലെ എസ്.ടി.പി |
| 5 | | തൊടുപുഴ നഗരസഭയിലെ കോതായിക്കുന്ന് ബസ് സ്റ്റാൻഡിലെ എസ്.ടി.പി |
| 6 | | ചാവക്കാട് ഇ.ടി.പി |
| 7 | 28-10-2023 | പെരിന്തൽമണ്ണ സർക്കാർ ജില്ലാ ആശുപത്രിയിലെ എസ്.ടി.പി |
| 8 | | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡിലെ എസ്.ടി.പി |
| 9 | 29-11-2023 | കോഴിക്കോട് തലയാട് സർക്കാർ ആയുർവേദ ആശുപത്രിയിലെ 17 കെ.എൽ.ഡി ഇ.ടി.പി |
| 10 | | എറണാകുളം ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 400 കെ.എൽ.ഡി എസ്.ടി.പി |

| | | |
|---|---|---|
| 11 | 11-01-2024 | കാസർകോട് മംഗൽപാടി പഞ്ചായത്തിലെ 200 കെഎൽഡി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് |
| 12 | | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മത്സ്യമാർക്കറ്റിലെ 6 കെ.എൽ.ഡി.ഇ.ടി.പി |
| 13 | 31-01-2024 | കോഴിക്കോട് പേരാമ്പ്ര ഗവ.താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് 40 കെ.എൽ.ഡി.ഇ.ടി.പി |
| 14 | | കോഴിക്കോട് വടകര ഗവ.ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് 65 കെ.എൽ.ഡി ഇ.ടി.പി |
| 15 | | കോട്ടയം മീനച്ചിലെ കുടുംബാരോഗ്യ കേന്ദ്രത്തിനായുള്ള 10 കെഎൽഡി ജോഹ്കാസൗ പാക്കേജുചെയ്ത എസ്ടിപി |
| 16 | | തൃശ്ശൂരിലെ കില കാമ്പസിലെ 55, 22 KLD STP-കൾ |
| 17 | 02-03-2024 | കോഴിക്കോട് കുറ്റിയാടി സർക്കാർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററിനായി 45 KLD മാലിന്യ സംസ്കരണ പ്ലാന്റ് |
| 18 | | കോഴിക്കോട് ഏറാമല ഗ്രാമപഞ്ചായത്തിലെ 85 കെ.എൽ.ഡി. ഡബ്ല്യു.ടി.പി |
| 19 | | കോട്ടയം മുനിസിപ്പാലിറ്റി അറവുശാല, കോടിമത, കോട്ടയം 30 കെഎൽഡി ഇ.ടി.പി |
| 20 | | മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ 240 കെ.എൽ.ഡി |
| 21 | | കോഴിക്കോട് വടകര മുനിസിപ്പാലിറ്റി ആയുർവേദ ആശുപത്രിയിലെ 20 കെ.എൽ.ഡി എസ്.ടി.പി |
| 22 | 25-03-2024 | കണ്ണൂരിലെ പിണറായി കൺവെൻഷൻ സെന്ററിൽ 25 KLD മലിനജല ശുദ്ധീകരണ പ്ലാന്റ് (STP) 40 KLD ആക്കി വർദ്ധിപ്പിച്ചു. |

| | | |
|---|---|---|
| 23 | | കോഴിക്കോട് എ സി ഷൺമുഖദാസ് സ്മാരക ആയുർവേദിക് ചൈൽഡ് ആൻഡ് അഡോളസന്റ് കെയർ സെന്ററിലെ 35 കെഎൽഡി ഇ.ടി.പി. |
| ടെൻഡർ വിശകലനം | | |
| 1 | 16-09-2023 | പൊഴിയൂർ എസ്.ടി.പി, എഫ്.എസ്.ടി .പി |
| 2 | 11-01-2024 | കരുനാഗപ്പള്ളി എഫ്.എസ്.ടി .പി ടെൻഡർ ബിഡിന്റെ സാങ്കേതിക വിലയിരുത്തൽ |
| മറ്റ് വിഷയങ്ങൾ | | |
| 1 | 12-06-2023 | കെട്ടിക്കിടക്കുന്ന ഡിപിആറുകൾ സമർപ്പിക്കാത്ത എംപാനൽമെന്റിലെ ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം |
| 2 | | പാക്കേജുചെയ്ത/കണ്ടെയ്നറൈസ്ഡ് മലിനജലം/മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ" അംഗീകാരം |
| 3 | 29-11-2023 | ആലപ്പുഴ ഹൗസ് ബോട്ടുകൾക്ക് ദ്രവമാലിന്യ സംസ്കരണം പ്രൊപോസൽ |
| 4 | 11-01-2024 | കോവെസ്ട്രോ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതികവിദ്യയ്ക്കുള്ള സാങ്കേതിക അംഗീകാരം. |
| 5 | | EcoSTP സാങ്കേതികവിദ്യയുടെ വിന്യാസത്തിനായി ഏജൻസികളുടെ എംപാനൽമെന്റ് |
| 6 | | പ്രസന്നന്റെ ഇക്കോബിയോ സിസ്റ്റം ZLD സാങ്കേതികവിദ്യയുടെ വിന്യാസത്തിനായി M/s PEBS ഗ്ലോബൽ മിഷന്റെ എംപാനൽമെന്റ് |
| 7 | | എറണാകുളത്തെ IHRD- മോഡൽ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ STP യുടെ നിർദ്ദേശത്തിനുള്ള സാങ്കേതിക ഉപദേശം. |

| | | |
|---|---|---|
| 8 | | പുനലൂർ ലൈഫ് മിഷൻ അപ്പാർട്ടുമെന്റുകളിൽ 25 കെഎൽഡി എസ്ടിപിക്കായി നടപ്പിലാക്കിയ ജോലികൾക്കുള്ള സാങ്കേതിക ഉപദേശം |
| 7 | 02-03-2024 | കേരള സർവകലാശാല കാമ്പസിൽ CSIR-NIIST വികസിപ്പിച്ച മോഡുലാർ മലിനജല ശുദ്ധീകരണ യൂണിറ്റ് (NOWA) നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ |

എംപാനൽമെന്റ്

| ക്രമ നം | എംപാനൽമെന്റ് തീയതി | എംപാനൽ സേവന മേഖല | ഏജൻസികളുടെ എണ്ണം | നടപടി ക്രമം | Govt. order number |
|---|---|---|---|---|---|
| 1 | 24.05.2023 | പാക്കേജ്ഡ്, കണ്ടെയ്നറൈസ്ഡ് എസ്.ടി.പി | 4 | 4215/G/ 2022/SM | G.O(Rt). No.1727/2023/LSGD dated 24-08-2023 |
| 2 | 05.01.2024 | ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 8 | 3283/G/ 2023/SM | |

- മറ്റ് വകുപ്പുകളുമായി നടത്തിയ സംയുക്ത പ്രവർത്തനം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ സാനിറ്റേഷൻ സർവ്വേ പ്രകാരം ആമയിഴയഞ്ചാൻ തോട്ടിലെ മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തുകയും അത് പരിഹരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള നടപടികളുടെ തൽസ്ഥിതി വിവരം അവലോകനം ചെയ്യുന്നതിന് കേരള ജല അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവരെ ചേർത്ത് കൊണ്ട് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സംയുക്തമായി യോഗം നടത്തുകയും പരിഹാര നടപടികൾ വിലയിരുത്തുകയും ചെയ്തു.

ദേശീയ ഹരിത ട്രൈബ്യൂണൽ മുൻപാകെ സമർപ്പിക്കേണ്ട OA 606/2018 യുമായി ബന്ധപ്പെട്ട അർദ്ധ വാർഷിക റിപ്പോർട്ട് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ആയവ ക്രോഡീകരിച്ച് സമയബന്ധിതമായി സർക്കാരിൽ സമർപ്പിച്ചും വരുന്നു.

## 5. ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സുകളും വിശ്രമ കേന്ദ്രങ്ങളും

ടേക്ക് എ ബ്രേക്ക് പ്രൊജക്ടിന്റെ ഭാഗമായി 1746 പദ്ധതികൾ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതും, അതിൽ 1601 എണ്ണത്തിന് സാങ്കേതികാനുമതി നൽകുകയും, 1497 എണ്ണം ടെണ്ടർ നടപടി പൂർത്തിയാക്കുകയും 1223 എണ്ണം, പൂർത്തിയാക്കിയിട്ടുള്ളതും, നിർമ്മാണം പുരോഗമിക്കുന്നവ 274 എണ്ണവുമാണ്. ശേഷിക്കുന്ന 249 പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

861 എണ്ണം പ്രവർത്തിക്കുന്നതിൽ 184 എണ്ണം കുടുംബശ്രീ മുഖാന്തിരവും, 677 എണ്ണം ലോക്കൽ ബോഡി, പ്രൈവറ്റ് ഏജൻസികൾ, മറ്റുള്ളവർ മുഖാന്തിരം പ്രവർത്തിക്കുന്നു.

# 6. മോണിട്ടറിംഗ് വിലയിരുത്തൽ സംവിധാനങ്ങൾ

## 6.1 ഹരിതമിത്രം – സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ–മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരികയാണ്. നാളിതുവരെ 94 ലക്ഷത്തിൽ പരം ഉപഭോക്താക്കളെ ഈ ആപ്ലിക്കേഷന്റെ ഭാഗമാക്കിയിട്ടുണ്ട്. 82 ലക്ഷം വ്യക്തികൾ/സ്ഥാപനങ്ങൾ ഹരിതമിത്രം ആപ്ലിക്കേഷൻ നിലവിൽ ഉപയോഗിച്ച് വരുന്നുണ്ട്.
1019 തദ്ദേശ സ്ഥാപനങ്ങൾ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പദ്ധതിയിലേക്ക് ഇതിനോടകം കൂട്ടിച്ചേർക്കപ്പെട്ടു. ബാക്കി മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ഉടൻ തന്നെ ഹരിതമിത്രം പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫുകൾ ഉൾപ്പെടെയുള്ള ആകെ 20556 അനുബന്ധ സംവിധാനങ്ങളുടെ വിവരങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിലേക്ക് ഉൾപ്പെടുത്തുകയും ആയതു വഴി വാർഡുതലം മുതൽ സംസ്ഥാനതലം വരെയുള്ള അജൈവമാലിന്യം മോണിറ്റർ ചെയ്യുന്നതിനും സാധ്യമായി.

## 6.2 ക്യാമറാ നിരീക്ഷണ സംവിധാനം

മാലിന്യ സംസ്കരണ സംവിധാനത്തിന് ശക്തിപകരുന്നതിനായി സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും സ്ഥാപിച്ചിട്ടുള്ള മുഴുവൻ ക്യാമറാ സംവിധാനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ക്യാമറാ നിരീക്ഷണ ആപ്ലിക്കേഷൻ രൂപപ്പെടുത്തുകയും പൂർത്തീകരണ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

## 6.3 ജി.പി.എസ് വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം

മാലിന്യനീക്കവുമായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലുമുള്ള മുഴുവൻ വാഹനങ്ങളും ജി.പി.എസ് അധിഷ്ഠിതമാക്കുന്നതിനും അത് ഒരു ഏകീകൃത ആപ്ലിക്കേഷനിലേക്ക് എത്തിക്കുന്നതിനുമായി വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഒരുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്.

## 7. നിയമ നടപടികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായും, മാലിന്യ സംസ്കരണങ്ങളുമായി ബന്ധപെട്ട നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി ഉറപ്പാക്കുന്നതിനുമായി പഞ്ചായത്ത് രാജ്, നഗരപാലിക നിയമങ്ങളുടെ നിയമഭേദഗതി കൊണ്ട് വന്നു മാലിന്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവരെയും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത ഇടങ്ങളും കണ്ടെത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രത്യേക വിജിലൻസ് സ്ക്വാഡ്. കൂടാതെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ രൂപീകരിച്ച് പ്രവർത്തിക്കുന്നു. എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ 44833 പരിശോധനകൾ നടത്തി നിയമലംഘനങ്ങളിന്മേൽ 5.37 കോടി രൂപ പിഴ ചുമത്തുകയും 1.51 കോടി രൂപ പിഴ ഈടാക്കിയിട്ടുള്ളതുമാണ്

## 8. നൂതന ആശയങ്ങൾ – കാൽവയ്പുകൾ

### 8.1 പബ്ലിക് ടോയ്ലറ്റ് നെറ്റ്‌വർക്കിങ്

പബ്ലിക് ടോയ്‌ലറ്റുകളുടെ നിലവിലെ അവസ്ഥ അറിയാൻ ത്രീ സ്റ്റാർ കോമ്പോസിറ്റ് സിസ്റ്റം ഉപയോഗിച്ച് അവയെ റേറ്റ് ചെയ്യാൻ വിഭാവനം ചെയ്യുന്നു. ഇതുവഴി നഗര മേഖലകളിൽ 5 കിലോമീറ്ററിൽ ഒരു ത്രീസ്റ്റാർ റേറ്റഡ് ടോയ്‌ലറ്റും പ്രധാന ഗതാഗത ഇടനാഴികളിൽ 10 കിലോമീറ്ററിൽ ഒരു ത്രീ സ്റ്റാർ റേറ്റഡ് ടോയ്‌ലറ്റും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. സ്വകാര്യ ഹോട്ടൽ റസ്റ്റോറൻറ്കളുടെ ടോയിലറ്റ് ഉൾപ്പെടെ മാപ്പ് ചെയ്ത ടോയ്ലറ്റുകൾ വെച്ച് ഒരു പൊതു ടോയ്‌ലറ്റ് നെറ്റ്‌വർക്ക്, ആപ്പ് മുഖാന്തിരം തയ്യാറാക്കുന്നു.

### 8.2 പ്രൂഫ് ഓഫ് കൺസെപ്റ്റ് മോഡൽ

മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട് നിലവിൽ അംഗീകാരം ലഭിച്ചിട്ടില്ലാത്തതും എന്നാൽ പ്രാഥമിക പരിശോധനയിൽ പരീക്ഷണയോഗ്യമെന്ന് വിലയിരുത്തപ്പെടുന്ന സാങ്കേതിക വിദ്യകളുടെ നിർവ്വഹണ സാധ്യതകൾ പരിശോധിക്കുന്നതിലേക്ക് മൂന്നു മുതൽ ആറ് മാസത്തേക്കുള്ള പ്രൂഫ് ഓഫ് കൺസപ്റ്റ് മോഡൽ പദ്ധതികളായി ഏജൻസിയുടെ ചെലവിൽ നടപ്പാക്കുന്നതാണ്. ഈ കാലയളവിൽ, പി.സി.ബി., ചീഫ് എൻജിനീയർ, NIIST പോലുള്ള സാങ്കേതിക വിദഗ്ധർ അടങ്ങുന്ന ഒരു മോണിറ്ററിങ് കമ്മിറ്റി മുഖേന ആവശ്യമായ പരിശോധനകൾ നടത്തി, സാങ്കേതിക വിദ്യയുടെ നിർവ്വഹണ സാധ്യത ബോധ്യപ്പെടുന്ന പക്ഷം അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 8.3 UWM Strategy

സംസ്ഥാനത്തുടനീളം ഏകീകൃതമായ Used Water Management Strategy പ്രായോഗിമല്ല, വ്യത്യസ്തമായ സവിശേഷതകൾ ഉള്ള 10 തദ്ദേശസ്ഥാപനങ്ങൾ തിരഞ്ഞെടുത്തു അതിൽ വാഷ് ഇൻസ്റ്റിറ്റ്യൂട്ട് സാമ്പത്തിക സാങ്കേതിക സഹായത്തോടെ പഠനം നടത്തി UWM Strategy തയ്യാറാക്കുന്നുണ്ട്.

വാഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 10 സ്ഥലങ്ങളിലെ പ്രാഥമിക സന്ദർശനം പൂർത്തീകരിച്ച്

കഴിഞ്ഞു. Hotspot ആയ സ്ഥലങ്ങളിൽ WASH ന്റെ National Level Expert Team ന്റെ സന്ദർശനം പുരോഗമിച്ച് വരുന്നു. ആയതിന് ശേഷം Consultative Workshop നടത്തി UWM Strategy തയ്യാറാക്കുന്നതാണ്.

### 8.4 മാലിന്യ സംസ്കരണ മേഖലയിൽ ഗവേഷണ പ്രൊജെക്ട്കൾ

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട മികച്ച ഗവേഷണ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സാങ്കേതിക സർവകലാശാലകൾ, റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക്, ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്താനും, ഇതിലൂടെ വാണിജ്യാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതായ മികച്ച സാങ്കേതിക വിദ്യകൾ സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ പ്രവർത്തികമാക്കുന്നതിനും സാങ്കേതിക – സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

### 8.5 ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം

പൊതു സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ഇത്തരം ഇടങ്ങളിൽ നിന്ന് മാലിന്യം പുറം തള്ളുന്നത് പ്രശ്നം സൃഷ്ടിക്കുന്നു. ശുചിത്വ–മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെയും പൊതു ശുചിത്വത്തിന്റെയും അടിസ്ഥാനത്തിൽ പൊതുജന പങ്കാളിത്തം കൂടി ഉറപ്പാക്കി ഇത്തരം പൊതുസ്ഥാപനങ്ങൾ, പൊതുയിടങ്ങൾ മുതലായവ വിലയിരുത്തുന്ന പ്രക്രിയയായ ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും സമഗ്രമായ ശാസ്ത്രീയ ഖര – ദ്രവ – സാനിട്ടറി മാലിന്യ സംസ്കരണ പദ്ധതികൾ നൂതന സാങ്കേതിക വിദ്യകളുടെയും സ്റ്റാർട്ട്അപ്പുകൾ ഉൾപ്പെടെയുള്ള സ്വകാര്യ സംരഭകരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ വിവിധ മേഖലകളിൽ നടപ്പിലാക്കുന്നതിനും അനുമതി ലഭ്യമായിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു.

### 8.6 ഇന്റേൺഷിപ്പ്

വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ള മനോഭാവം വളർത്തുന്നതിനും അത് വഴി ഒരു സാമൂഹിക മാറ്റത്തിന് നാന്ദി കുറിക്കാനും ലക്ഷ്യമിട്ടുകൊണ്ട് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വിപുലമായ ഇന്റേൺഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭം കുറിച്ചിട്ടുണ്ട്. ഈ വർഷം പരമാവധി വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുന്നതിന് ലക്ഷ്യമിടുന്നു. 200 വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

### 8.7 സ്കൂൾ, കോളേജ് സിലബസ് പരിഷ്കരണ പ്രവർത്തനം

വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതിയിൽ മാലിന്യ സംസ്കരണം ഒരു വിഷയമായി ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

## 9. വിവര–വിജ്ഞാന–വ്യാപന പ്രവർത്തനങ്ങൾ

### 9.1 മാലിന്യമുക്തം നവകേരളം

മാലിന്യ സംസ്കരണ രംഗത്ത് മികച്ച ലോകോത്തര മാതൃകകളും സംവിധാനങ്ങളും സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിട്ടും വിവിധയിടങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചെറുതും, വലുതുമായ വീഴ്ചകളും വിടവുകളുമാണ് വളരെ വേഗത്തിലും വ്യാപ്തിയിലും ജനങ്ങൾക്കിടയിലേക്കെത്തുന്നത്. ബ്രഹ്മപുരത്തെ ദുരന്തം കൂടിയായപ്പോൾ മാലിന്യ നിർമ്മാർജ്ജന രംഗത്ത് സംസ്ഥാനം ഏറെ പിന്നിലാണെന്ന തരത്തിലുള്ള പ്രചാരണങ്ങൾക്ക് ആക്കം കൂടി. ഇങ്ങനെയുള്ള പുകമറ നീക്കി നടന്നുകൊണ്ടിരുന്നതും, നടക്കുന്നതുമായ മികച്ച സംവിധാനങ്ങളെ ജനശ്രദ്ധയിലും മറ്റ് സംസ്ഥാനങ്ങളുടെ ശ്രദ്ധയിലും കൊണ്ടെത്തിക്കുന്നതിനും വീഴ്ചകൾ സംഭവിക്കുന്നിടങ്ങളിൽ അത് ആവർത്തിച്ച് വലിയ അപകടങ്ങൾ ഇനിയും ക്ഷണിച്ചു വരുത്താതിരിക്കാൻ വേണ്ടിയുള്ള പരിഹാരങ്ങൾ കൂടി പ്രചരിപ്പിച്ച് വിജയിപ്പിക്കുന്നതിനാണ് ക്യാമ്പയിൻ. നൂറ് ശതമാനം ഉറവിടത്തിലെ തരംതിരിക്കൽ, നൂറ് ശതമാനം ഉറവിടത്തിലെ കമ്പോസ്റ്റിങ്, 100 ശതമാനം ഡോർ–ടു–ഡോർ കളക്ഷൻ, മാലിന്യ കൂനകളുടെ , 100 ശതമാനം നീക്കം, ജലാശയങ്ങളുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന മാലിന്യനീക്കം എന്നിവയാണ് ക്യാമ്പയിൻ സന്ദേശങ്ങളിൽ ഊന്നൽ നൽകിയത്.

### 9.2 മഴക്കാല പൂർവ്വ ശുചീകരണം (മഴയെത്തും മുമ്പേ മനുഷ്യ ഡ്രോണുകൾ)

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാറിന്റെ ആരോഗ്യ ജാഗ്രത 2023 ന്റെ ഭാഗമായി മാലിന സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും, കൊതുക് നിവാരണ പ്രവർത്തനങ്ങളും ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്ന് പ്രവർത്തന മേഖലകളായി തിരിച്ച് 14 ജില്ലാ മിഷനുകളുടെയും ഏകോപനത്തിൽ സംഘടിപ്പിച്ചു. റേഡിയോ, ടെലിവിഷൻ മുതലായ മാധ്യമങ്ങളിലെ പ്രചരണങ്ങൾക്ക് പുറമേ ഡോർ ടു ഡോർ ക്യാമ്പയിനും, നവമാധ്യമ പ്രചാരണത്തിന്റെ ഭാഗമായി മഴയെത്തും മുമ്പേ മനുഷ്യഡ്രോണുകൾ എന്ന ക്യാമ്പയിനും സംഘടിപ്പിച്ചു. 2023 മാർച്ച് 30ന് തുടങ്ങി മെയ് അവസാനം വരെയായിരുന്നു ക്യാമ്പയിൻ സംഘടിപ്പിച്ചത്.

### 9.3 മേരി ലൈഫ് മേരാ സ്വച്ഛ് ശഹർ (RRR campaign)

2023 മെയ് 15 മുതൽ ജൂൺ 5 പരിസ്ഥിതി ദിനം വരെ സ്വച്ഛ് ഭാരത് മിഷൻ (നഗരകാര്യം) ദേശവ്യാപകമായി സംഘടിപ്പിച്ച ക്യാമ്പയിൻ ലക്ഷ്യമിട്ടത് പുനരുപയോഗം, പുനഃചംക്രമണം, നിയന്ത്രിത ഉപയോഗം മുതലായ മാലിന്യ ഉൽപ്പാദനം കുറയ്ക്കുന്ന ആശയങ്ങളെ പ്രചരിപ്പിക്കുകയെന്നതായിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സ്ഥിര RRR സെന്ററുകളെ വിപുലീകരിക്കുക, പുതുതായി സ്ഥിരമായതോ, താൽക്കാലിക അടിസ്ഥാനത്തിലുള്ളതോ ആയ RRR സെന്ററുകൾ ആരംഭിക്കുക എന്നീ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചത്. സെന്ററുകളിൽ വന്നു ചേരുന്ന ഇനങ്ങളുടെ എണ്ണവും തരവും തിരിച്ചുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുകയും അവയെ ദേശിയ പോർട്ടലുമായി ബന്ധിപ്പിക്കുകയും ചെയ്തു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് മൊത്തത്തിൽ 272 RRR സെന്ററുകൾ പ്രവർത്തിച്ചു.

### 9.4 സഫായി മിത്ര സുരക്ഷാ ശിവിർ (നമസ്തേ)

മാൻ ഹോളിൽ നിന്നും മെഷിൻ ഹോളെന്ന ആശയത്തിലൂന്നി മാന്വൽ സ്കാവെൻജിംഗ് എന്നത് തുടച്ച് നീക്കുന്നതിലേക്കായി National Action for Mechanised Sanitation Ecosystem (NAMASTE) യുടെ കീഴിൽ നഗരസഭകളിലെ ശുചീകരണ തൊഴിലാളികളെ കണ്ടെത്തുന്നതിനും, അവരുടെയും കുടുംബത്തിന്റെയും അടിസ്ഥാന വിവരങ്ങൾ, ലഭ്യമാക്കാൻ സാധിക്കുന്ന ആനുകൂല്യങ്ങൾ, ആരോഗ്യ പരിരക്ഷ, വൈദ്യപരിശോധനകൾ എന്നിവ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിലേക്കായി 2024 ഫെബ്രുവരിയിൽ സഫായി കർമ്മചാരികൾക്കായുള്ള പ്രൊഫൈലിംഗ് ക്യാമ്പ് 14 ജില്ലകളിലും സംഘടിപ്പിച്ചു

### 9.5 ഇന്ത്യൻ സ്വച്ഛതാ ലീഗ്

2023 ഒക്ടോബർ 2-ന് രാജ്യമൊട്ടാകെ നടന്ന 'സ്വച്ഛ് ഭാരത് ദിവസ്' ആചരണത്തിന് മുന്നോടിയായി 2023 സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയവും, കേന്ദ്ര കുടിവെള്ളവും ശുചിത്വം മന്ത്രാലയവും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയാണ് 'സ്വച്ഛതാ ഹി സേവ'. ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ രാജ്യത്തിന് മുന്നേറണമെങ്കിൽ സർക്കാർ നടപടികളോടൊപ്പം തന്നെ ബഹുജന പങ്കാളിത്തവും അനിവാര്യമാണ് എന്നത് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ആയത് ഉറപ്പാക്കുന്നതിനുമാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്.

'ഗാർബേജ് ഫ്രീ ഇന്ത്യ' എന്നതായിരുന്നു 2023ലെ പ്രമേയം. ബഹുജന പിന്തുണയും സഹകരണവും പ്രത്യേകിച്ച് യുവജന പങ്കാളിത്തവും ഉറപ്പാക്കി വ്യത്യസ്ഥ പ്രവർത്തനങ്ങൾ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ നടത്തുന്നതിനാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

നാല് പ്രധാന ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

I. സ്വച്ഛതാ ഹി സേവ-രണ്ടാഴ്ച നീളുന്ന ശുചിത്വ ഡ്രൈവുകൾ- 2023 സെപ്തംബർ 15 മുതൽ 2023 ഒക്ടോബർ 2 വരെ ശുചീകരണ ഡ്രൈവുകൾ സംഘടിപ്പിക്കുന്ന ക്യാമ്പയിൻ.

II. ഇൻഡ്യൻ സ്വച്ഛതാ ലീഗ് 2.0. - യുവാക്കളുടെ നേതൃത്വത്തിൽ മത്സരസ്വഭാവത്തോടെ നടത്തുന്ന, ശുചിത്വ സന്ദേശപ്രചാരണത്തിനായി രാജ്യത്തെ മുഴുവൻ നഗരങ്ങളിലും ഒരേ ദിവസം നടക്കുന്ന ബഹുജന പ്രചാരണ പ്രവർത്തനമാണ് ഇന്ത്യൻ സ്വച്ഛതാ ലീഗ് 2.0 (ISL 2.0).

III. സഫായിമിത്ര സുരക്ഷാ ശിവിർ - വിവിധ കേന്ദ്ര/സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ ശുചീകരണ തൊഴിലാളികൾക്കും 2023 സെപ്തംബർ 18 മുതൽ 25 വരെ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിലൂടെ ശുചീകരണ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും അർഹതപ്പെട്ട വിവിധ സ്കീമുകൾ സംബന്ധിച്ച് അവബോധം നൽകൽ, നിർബന്ധിത ബഹുജന ആരോഗ്യ പരിശോധന, ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ ഭരണപരമായ നടപടിക്രമങ്ങളുടെ സേവനം എന്നിവ ലഭ്യമാക്കി.

IV. മാസ്സ് ക്ലീനിംഗ് ഡ്രൈവ് – 2023 oct 1, 2 തീയതികളിൽ പൊതു ഇടങ്ങളിൽ പൊതു ജന പങ്കാളിതത്തോടെയുള്ള മാസ്സ് ക്ലീനിംഗ് ഡ്രൈവ് സംഘടിപ്പിക്കേണ്ടതാണ്.

### 9.6 ക്ലീൻ ടോയ്ലറ്റ് ക്യാമ്പയിൻ

നഗരസഭകൾ പണി കഴിപ്പിച്ചിട്ടുള്ളതും, നിലവിൽ പൂട്ടിക്കിടക്കുന്നവയുമായ എല്ലാ (CT/PT) ടോയ്‌ലറ്റുകൾ കണ്ടെത്തി അറ്റകുറ്റപ്പണി, പരിപാലനം, എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ ഉറപ്പാക്കി ശൗചാലയങ്ങളുടെ സൗന്ദര്യവൽക്കരണം നടത്തിയ ക്യാമ്പയിൻ 2023 നവംബർ 19 മുതൽ ഡിസംബർ 25 വരെ സംഘടിപ്പിച്ചു. സംസ്ഥാനത്തെ 1090 ശുചിമുറികൾ ക്യാമ്പയിനിന്റെ ഭാഗമായി

## 10. ശേഷി വികസനം

കേന്ദ്ര – സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശുചിത്വ – മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവഹണത്തിന് സഹായകരമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും പിന്തുണ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഏജൻസികൾക്കും ആവശ്യമായ ശേഷീവികസന പ്രവർത്തനങ്ങളാണ് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. കില, യുണിസെഫ്, വാഷ് ഇൻസ്റ്റിറ്റ്യൂട്ട്, ജിസ്, ആസ്കി തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോട്ടുകൂടിയാണ് ശേഷീവികസന പരിപാടികൾ ഏകോപിപ്പിച്ച് വരുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കപ്പാസിറ്റി ബിൽഡിങ്ങുമായി ബന്ധപ്പെട്ട് നടന്ന സംസ്ഥാന–ജില്ലാതല പരിശീലന പരിപാടികൾ**

| ക്രമ നം. | പരിശീലനം | വിഷയം | പരിശീലാർത്ഥികൾ | തീയതി | പങ്കാളിത്തം |
|---|---|---|---|---|---|
| 1 | അണ്ടർഗ്രൗണ്ട് എസ്.ടി.പി സാധ്യതാ പഠനം | അണ്ടർഗ്രൗണ്ട് എസ്.ടി.പി | സംസ്ഥാന തല ഉദ്യോഗസ്ഥർ | 2024 ഫെബ്രുവരി ബാംഗ്ലൂർ | 12 |
| 2 | ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്സ് അസോസിയേഷൻ പ്രതിനിധികൾക്കുള്ള ഏകദിന ശില്പശാല | ഖര–ദ്രവ മാലിന്യ പരിപാലനം–ശില്പശാല | ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്സ് അസോസിയേഷൻ പ്രതിനിധികൾ | 2024 ജനുവരി 17 | 100 |
| 3 | പഠനയാത്ര | മൂന്നാർ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം പഠനയാത്ര | ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ടീം | 2024 ജനുവരി 30–31 | 5 |
| 4 | ത.സ്വ.ഭ.വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള ബ്രെയിൻസ്റ്റോമിംഗ് | ഐ.ഇ.സി ബ്രെയിൻ സ്റ്റോമിംഗ് | ത.സ്വ.ഭ.വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ, | 2024 ഫെബ്രുവരി 27–28 | 100 |
| **വാഷ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടന്ന സംസ്ഥാനതല പരിശീലനങ്ങൾ** | | | | | |
| ഓഫ്‌ലൈൻ | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | ശിൽപശാല | വാഷ് ഇൻസ്റ്റിറ്റ്യൂട്ട് ഗ്രേ വാട്ടർ മാനേജ്മെന്റ് – വർക്ക്ഷോപ്പ് | ശുചിത്വ മിഷൻ, കെ.ആർ.ഡബ്ല്യൂ.എസ്.എ, എം.ജി.എൻ.ആർ.ജി എസ് സംസ്ഥാന– ജില്ലാ തല ഉദ്യോഗസ്ഥർക്ക് | തിരുവനന്തപുരം, എസ്.പി ഗ്രാന്റ്ഡേയ്സ് ഡിസംബർ 28, 2023 | 80 |
| 6 | കോൺക്ലേവ് | കേരള UWM കോൺക്ലേവ് | സംസ്ഥാന ശുചിത്വ മിഷൻ ഉദ്യോഗസ്ഥർക്കും ജില്ലാതല ടെക്നിക്കൽ കൺസൾട്ടന്റുമാർ, വൈ.പി മാർ എന്നിവർക്കും | 2024,മാർച്ച് 21–23 | 120 |
| **കില മുഖേന നടന്ന ജില്ലാതല പരിശീലനങ്ങൾ** | | | | | |
| 7 | പരിശീലനം | TOT ഓൺ പ്രൊക്യൂർമെൻറ | ാസ്റ്റർ ട്രെയിനേഴ്സ | | 50 |
| 8 | പരിശീലനം | ട്രെയിനിങ് ഓൺ പ്രൊക്യൂർമെൻറ (5 ബാച്ചുകൾ) | ാസ്റ്റർ ട്രെയിനേഴ്സ | | 263 |
| 9 | പരിശീലനം | TOT ഓൺ SWM ലെജിസ്ലേഷൻ | ാസ്റ്റർ ട്രെയിനേഴ്സ | | 42 |
| 10 | പരിശീലനം | ട്രെയിനിങ് ഫോർ KSWMP (7 ബാച്ച് | ാസ്റ്റർ ട്രെയിനേഴ്സ | | 308 |

**മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീലനങ്ങൾ**

| ക്രമ നം | പരിശീലനം | വിഷയം | പരിശീലനാർഥികൾ | തീയതി | പങ്കാളിത്തം |
|---|---|---|---|---|---|
| 1 | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ, റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കുള്ള പരിശീലനം | · മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ– ലക്ഷ്യങ്ങൾ, നടത്തിപ്പ്, പ്രവർത്തനങ്ങൾ · മാലിന്യ സംസ്കരണം അടിസ്ഥാന വിവരങ്ങൾ | · ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ · കില, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ | 12.04. 2023, 13.04. 2023 | 190 |

| | | | | | |
|---|---|---|---|---|---|
| 2 | കില തിമാറ്റിക്ക് എക്സ്പെർട്ടു മാർക്കുള്ള – പരിശീലനം | · മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ– ലക്ഷ്യങ്ങൾ, നടത്തിപ്പ്, പ്രവർത്തനങ്ങൾ<br>· മാലിന്യ സംസ്കരണം അടിസ്ഥാന വിവരങ്ങൾ | · കില തിമാറ്റിക്ക് എക്സ്പെർട്ടുമാർ | 13.04. 2023 | 229 |
| 3 | സന്നദ്ധ പ്രവർത്തക ർക്കുള്ള സംസ്ഥാന– തല പരിശീലനം | · മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ– ലക്ഷ്യങ്ങൾ, നടത്തിപ്പ്, പ്രവർത്തനങ്ങൾ<br>· മാലിന്യ സംസ്കരണം അടിസ്ഥാന വിവരങ്ങൾ | · സന്നദ്ധ പ്രവർത്തകർ | 24.04 .2023, 25.04 .2023 | 182 |
| 4 | ഹരിത കർമ്മ സേനകൾ ക്കുള്ള പരിശീലക പരിശീലനം | · മാലിന്യ സംസ്കരണം അടിസ്ഥാന വിവരങ്ങൾ<br>· വിവിധ തരം മാലിന്യങ്ങൾ അവയുടെ മാനേജ്മെന്റ്<br>· മാലിന്യ സംസ്കരണ പാധികൾ, അടിസ്ഥാന സൗകര്യങ്ങൾ | · ജില്ലകളിൽ നിന്നും തെരഞ്ഞെടു ത്ത ഹരിതകർമ്മ സേന അംഗങ്ങൾ | 28.05. 2023– 30.05. 2023 | 340 |
| 5 | ജനകീയ ഹരിത ഓഡിറ്റ് പരിശീലക പരിശീലനം | · മാലിന്യ മുക്തം നവകേരളം – ഹരിത ഓഡിറ്റ്, ആമുഖം<br>· ഹരിത ഓഡിറ്റ് എങ്ങനെ നടത്താം<br>· ഹരിത ഓഡിറ്റ് റിപ്പോർട്ട് | · കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ<br>· സന്നദ്ധപ്രവർ ത്തകർ | 08.06 .2023 | 91 |

| | | | | | |
|---|---|---|---|---|---|
| 6 | മാലിന്യമുക്തം നവകേരളം– ആദ്യഘട്ട അവലോകന യോഗം | · ആദ്യഘട്ട പ്രവർത്തന അവലോകനം<br>· നിലവിലുള്ള വെല്ലുവിളികൾ, വിടവുകൾ ചർച്ച ചെയ്യൽ, പരിഹാരം കാണൽ<br>· രണ്ടാംഘട്ട പ്രവർത്തന ആസൂത്രണം | · സംസ്ഥാന – ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ | 16.06. 2023, 17.06. 2023 | 250 |
| 7 | ഫിനാൻഷ്യൽ കൺവർജൻസ് മൊബൈൽ ഫെസിലിറ്റേഷൻ ടീം– പരിശീലക പരിശീലനം | · മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതി ആസൂത്രണം എങ്ങനെ ചെയ്യണം<br>· മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾ, വയ്ക്ക് ഉപയോഗിക്കാവുന്ന വിവിധ ധനസ്രോതസ്സുകൾ | · കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സ്സൺമാർ<br>· സന്നദ്ധപ്രവർത്തകർ | 29.06 .2023, 30.06 .2023, 01.07. 2023 | 170 |

| | | | | | |
|---|---|---|---|---|---|
| 8 | ടെക്നിക്കൽ കമ്മറ്റി പരിശീലനം | · മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സാങ്കേതികത<br>· വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, അവയുടെ പ്രവർത്തനം<br>· മാലിന്യ സംസ്കരണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ | · തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ,<br>· KSWMP എൻവയോൺമെന്റ് എൻജിനീയർ<br>· ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ്മാർ<br>· സന്നദ്ധപ്രവർത്തകർ (എഞ്ചിനീയർമാർ) | 13.07. 2023, 14.07. 2023 | 82 |
| 9 | നാഷണൽ സർവീസ് സ്കീം – പ്രോഗ്രാം ഓഫീസർമാരുടെ പരിശീലനം | · മാലിന്യമുക്തം നവകേരളം – ക്യാമ്പയിൻ സമീപനം<br>· മാലിന്യ സംസ്കരണം– അടിസ്ഥാന വിവരങ്ങൾ<br>· നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ – ക്യാമ്പയിൻ സൂത്രണം | · നാഷണൽ സർവീസ് സ്കീം ജില്ലാ പ്രോഗ്രാം ഓഫീസർമാർ | 12.08. 2023, 13.08. 2023 | 67 |
| 10 | യൂത്ത് കോർഡിനേറ്റർമാർ– പരിശീലനം | · മാലിന്യമുക്തം നവകേരളം – ക്യാമ്പയിൻ അടിസ്ഥാന വിവരങ്ങൾ<br>· മാലിന്യ സംസ്കരണം അടിസ്ഥാന വിവരങ്ങൾ<br>· മാലിന്യമുക്തം നവകേരളം യുവതയുടെ പ്രസക്തി | · ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകർ | 17.08. 2023, 18.08. 2023 | 116 |

| | | | | | |
|---|---|---|---|---|---|
| 11 | ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പരിശീലനം – (മൂന്ന് ബാച്ച്) | · മാലിന്യ സംസ്കരണം നിലവിലെ പ്രശനങ്ങളെ സംബന്ധിച്ച ചർച്ച<br>· ചർച്ചയിൽ നിന്ന് ഉയർന്നു വരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരിഹാര നടപടികളെ സംബന്ധിച്ച അവതരണങ്ങൾ<br>· മാലിന്യ സംസ്കരണം പുതിയ നിയമ ഭേദഗതികൾ | · കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ | ·13.09.2023, 14.09.2023<br>·18.09.2023, 19.09.2023<br>·20.09.2023, 21.09.2023 | 944 |
| 12 | മാലിന്യമുക്തം നവകേരളം– രണ്ടാം ഘട്ട അവലോകന യോഗം | · രണ്ടാംഘട്ട പ്രവർത്തന അവലോകനം –<br>· നിലവിലുള്ള വെല്ലുവിളികൾ, വിടവുകൾ ചർച്ച ചെയ്യൽ, പരിഹാരം കാണൽ, മൂന്നാം ഘട്ട പ്രവർത്തനാസൂത്രണം | · സംസ്ഥാന – ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ | 15.09.2023, 16.09.2023 | 160 |
| 13 | എം.സി.എഫ് / ആർ.ആർ.എഫ് വർക്കർമാർ, ഓഫീസർമാർ– പരിശീലനം | · വാതിൽപ്പടി ശേഖരണം എങ്ങനെ പ്ലാൻ ചെയ്യാം<br>· എം.സി.എഫ്/ ആർ.ആർ.എഫ് –സംവിധാനങ്ങളുടെ നടത്തിപ്പ്, അടിസ്ഥാന സൗകര്യങ്ങൾ<br>· സുരക്ഷാ ഉപകരണങ്ങൾ, അഗ്നി സുരക്ഷ | · എം.സി.എഫ്/ ആർ.ആർ.എഫ് ചുമതലയുള്ള ഉദ്യോഗസ്ഥർ<br>· കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സ്സൺമാർ<br>· സന്നദ്ധപ്രവർത്തകർ | 18.09.2023, 19.09.2023 | 90 |

| | | | | | |
|---|---|---|---|---|---|
| 14 | നഗരസഭ തലം– സെക്രട്ടറി, മാലിന്യ സംസ്കരണ വുമായി ബന്ധപെട്ട ഉദ്യോഗസ്ഥ ർ എന്നിവർക്കു ള്ള പരിശീലനം. | · മാലിന്യ സംസ്കരണ മേഖലയിൽ നഗരസഭകളിൽ നിലവിലുള്ള പ്രശ്നങ്ങൾ<br>· പ്രശ്നങ്ങളുടെ പരിഹാരം കാണുന്നതിനു ള്ള ചർച്ചകൾ<br>· വിദഗ്ധ പാനലു കളടങ്ങിയ പ്രശ്ന പരിഹാര സെഷൻ | · നഗരസഭകളി ലെ സെക്രട്ടറിമാർ,<br>· നഗരസഭയി ലെ മാലിന്യ സംസ്കരണവു മായി ബന്ധപെട്ട ഓഫീസർമാർ | 30.10. 2023, 31.10. 2023 | 306 |
| 15 | നിയമ വിദ്യർത്ഥിക ൾ– മാലിന്യ സംസ്കരണ വുമായി ബന്ധപെട്ട പരിശീലനം | · മാലിന്യ സംസ്കരണവുമാ യി ബന്ധപെട്ട അടിസ്ഥാന വിവരങ്ങൾ<br>· മാലിന്യ സംസ്കരണവും ബന്ധപ്പെട്ട നിയമങ്ങളും<br>· മാലിന്യമുക്തം നവകേരളം – നിയമ വിദ്യാർഥികൾക്ക് എങ്ങനെ പങ്കെടുക്കാം | · കേരളത്തിലെ വിവിധ ലോ കോളേജുകളിൽ നിന്നുള്ള നിയമ വിദ്യാർഥികൾ. | 13.10. 2023, 14.10. 2023 | 65 |
| 16 | എൻഫോ ഴ്സ്മെന്റ് പരിശീലനം | · മാലിന്യ സംസ്കരണവുമാ യി ബന്ധപെട്ട നിയമനടപടിക ൾ, പ്രോസിക്യൂഷൻ നടപടികൾ<br>· പുതിയ നിയമഭേദഗതി കൾ പരിചയപ്പെടുത്ത ൽ | · ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത കില, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സ്സൺമാർ | 09.11. 2023, 10.11. 2023 | 70 |

| | | | | | |
|---|---|---|---|---|---|
| 17 | IEC വർക്ക്ഷോപ്പ് | · വിവര വിജ്ഞാന വ്യാപനം – അടിസ്ഥാന വിവരങ്ങൾ, പുതിയ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ<br>· സോഷ്യൽ മീഡിയ ക്യാമ്പയിൻ | · ശുചിത്വ മിഷൻ IEC എക്സ്പെർട്ട്മാർ<br>· കെ.എസ്.ഡബ്ല്യൂ.എം.പി– സോഷ്യൽ & കമ്മ്യൂണിക്കേഷൻ എക്സ്പെർട്ട്മാർ | 05.12. 2023, 06.12. 2023 | 74 |
| 18 | IVO മാർക്കയുള്ള എൻഫോഴ്സ്മെന്റ് പരിശീലനം | · മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമനടപടികൾ, പ്രോസിക്യൂഷൻ നടപടികൾ<br>· നിരോധിത ഉത്പന്നങ്ങൾ –– സംശയനിവാരണം | ഇൻറെണൽ വിജിലൻസ് ഓഫീസർമാർ | 18.12. 2023 | 76 |
| 19 | സ്വകാര്യ ഏജൻസികളുടെ ശില്പശാല | · മാലിന്യ സംസ്കരണം സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തം<br>· നിലവിൽ ബാധകമായ കേന്ദ്ര– സംസ്ഥാന സർക്കാർ നിയമങ്ങൾ<br>· PCB ചട്ടങ്ങൾ<br>· Extended Producers Responsibility (EPR)<br>· EPR പ്രസക്തിയും, നിബന്ധനകളും, രേജിസ്ട്രെഷൻ | മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകർ | 22.12. 2023 | 70 |

| | | | | | |
|---|---|---|---|---|---|
| 20 | മാലിന്യമുക്തം നവകേരളം – മൂന്നാം ഘട്ട ശില്പശാല | · മാലിന്യ മുക്തം നവകേരളം മൂന്നാം ഘട്ട പ്രവർത്തന അവലോകനം<br>· ജില്ലകളുടെ മികച്ച പ്രവർത്തനങ്ങൾ അവതരണം<br>· സാങ്കേതിക അവതരണങ്ങൾ – ട്രാൻസ്പോർട്ടേഷൻ പ്ലാൻ, RDF പ്ലാന്റ്<br>· നിലവിലുള്ള വെല്ലുവിളികൾ പ്രശ്നങ്ങൾ എന്നിവ ചർച്ചചെയ്യൽ<br>· ജില്ലകളുടെ ഭാവി കർമ്മമ പരുപാടി തയ്യാറാക്കൽ | സംസ്ഥാന – ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ | 12.01. 2024, 13.01. 2024 | 80 |

## 11. വിവിധ വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനം

### 11.1 പൊതു വിദ്യഭ്യാസ വകുപ്പ്

- കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെയും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ അപര്യാപ്തത–വിലയിരുത്തൽ നടത്തി വരുന്നു. ഇതുവരെ 8112 വിദ്യാലയങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു.
- വിദ്യാലയങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ SOP ശുചിത്വ മിഷൻ UNICEF ന്റെ സഹകരണത്തോടെ തയ്യാറാക്കി വരുന്നു.
- SCERT യുമായി ചേർന്ന് പാഠപുസ്തകങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുകയും ഇതിനെ ആസ്പദമാക്കിയുള്ള സാമൂഹിക വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നു. ഇതിനായുള്ള സാങ്കേതിക സഹായം ശുചിത്വ മിഷനിലൂടെ ഉറപ്പുവരുത്തുന്നു.

### 11.2 ഉന്നത വിദ്യാഭ്യാസ വകുപ്പ്

കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലും മാലിന്യ സംസ്കരണ വിഷയം പാഠഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മുഴുവൻ വിദ്യാർത്ഥികൾക്കും മാലിന്യ

സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ സാധിക്കുന്ന തരത്തിൽ ഇന്റേൺഷിപ്പ് മോഡ്യൂൾ തയ്യാറാക്കൽ പുരോഗമിക്കുന്നു.

### 11.3 വ്യവസായ വകുപ്പ്

- KSIDC യുമായി ചേർന്ന് മാലിന്യ സംസ്കരണ മേഖലയിലെ സംരംഭ സാധ്യതകൾ വർധിപ്പിക്കുന്നതിന് വേണ്ടി ഗ്രീൻ എന്റർപ്രൈസ് മീറ്റ് സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി ഹരിത സംരംഭങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു ഗ്രീൻ എന്റർപ്രൈസ് പോളിസി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു .
- മാലിന്യ സംസ്കരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി നൂതനാശയങ്ങൾ സമർപ്പിക്കുന്നതിനായി K DISC സീറോ വേസ്റ്റ് ഹാക്കത്തോൺ സംഘടിപ്പിച്ചു.
- സംസ്ഥാന EPR നയം, EPR രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായ വകുപ്പ് എന്നിവരുമായി സംയോജിച്ചു പ്രവർത്തിച്ചു വരുന്നു. നിലവിൽ EPR നയം അന്തിമ ഘട്ടത്തിലാണ്.

### 11.4 കെ. എസ്. ആർ. ടി. സി

കേരളത്തിലെ ബസ് സ്റ്റേഷനുകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവസ്ഥ മനസിലാക്കുന്നതിനായി ബസ് സ്റ്റേഷനുകൾ നേരിട്ട് വിലയിരുത്തി. തിരുവനന്തപുരം ബസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണത്തിന്റെ അവസ്ഥ പഠനം നടത്തി റിപ്പോർട്ട് തയാറാക്കി. കേരളത്തിലെ എല്ലാ ബസ് സ്റ്റേഷനുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 23.03.2024ന് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗാതാഗത വകുപ്പ്, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങിയവരുടെ സംയുക്ത യോഗം ചേരുകയും ഗതാഗത വകുപ്പുമായി കൂടിയാലോചിച്ച് ബസ് സ്റ്റേഷനുകൾക്കായി ഒരു മാലിന്യ പരിപാലന പ്ലാൻ കരട് തയാറാക്കി.

തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ്റ്റാൻഡിൽ ബസ് കഴുകുന്ന ജലം സംസ്കരിക്കുന്നതിന് ശുചിത്വ മിഷൻ സാങ്കേതിക സഹായത്തോടെ പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഐആർ.ടി.സി മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

### 11.5 റെയിൽവേ

റെയിൽവേ സ്റ്റേഷനുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനായി തിരുവനന്തപുരം ഡിവിഷനിലെ 18 സ്റ്റേഷനുകളും 7 ട്രെയിനും കേന്ദ്രീകരിച്ച് അവസ്ഥാ പഠനം നടത്തുകയും തുടർന്ന് മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകി വരുന്നു.

### 11.6 ഫിഷറീസ്

ഫിഷ് ലാൻഡിംഗ് സെന്ററിലും, ഹാർബറിലും, മാർക്കറ്റുകൾ എന്നിവിടങ്ങൾ നിന്നും ഉണ്ടാകുന്ന ജൈവ – അജൈവ – ദ്രവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകുന്നതിനായി നിലവിലുള്ള

അവസ്ഥാ പഠനം, ഇതിന്റെ അടിസ്ഥാനത്തിൽ ഉള്ള പ്രൊജക്റ്റ് തയ്യാറാക്കൽ എന്നിവക്കായുള്ള പ്രവർത്തനം സംയുക്തമായി ആരംഭിച്ചു.

### 11.7 വിനോദസഞ്ചാര വകുപ്പ്

503 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ –മാലിന്യ സംസ്കരണ അവസ്ഥാപഠനം നടത്തി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കുന്നതിനു അനുയോജ്യമായ ശുചിത്വ – മാലിന്യ സംസ്കരണ പ്രോട്ടോകോൾ തയ്യാറാക്കി. ശുചിത്വ മിഷനും കേരള റെസ്പോൺസബിൾ ടൂറിസം മിഷൻ സൊസൈറ്റിയും സംയുക്തമായി പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് ജില്ലകളിലെ 2 മുതൽ 5 വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കി മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനത്തിനായി സംസ്ഥനത്തെ 55 വിനോദ സഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്

ഹൗസ് ബോട്ടുകളിൽ നിന്നുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രൊപ്പോസൽ സാങ്കേതികമായി പരിശോധിച്ചു നൽകി.

### 11.8 മൃഗ സംരക്ഷണ വകുപ്പ്

എല്ലാ വിഭാഗത്തിലും വരുന്ന ഫാമുകൾ, മൃഗാശുപത്രികൾ തുടങ്ങിയവയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് വകുപ്പിനോടൊപ്പമുള്ള സാങ്കേതിക സഹായം.

## 12. ഫണ്ട് സ്രോതസ്സുകൾ

- **സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) & സ്വച്ഛ് ഭാരത് മിഷൻ (അർബൻ)**
  - ➔ കേന്ദ്ര വിഹിതം – 60%
  - ➔ സംസ്ഥാന വിഹിതം – 40%
  - ➔ മറ്റ് സംയോജിത ഫണ്ടുകൾ – 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്ലാൻ ഫണ്ട്, സി.എസ്.ആർ. ഫണ്ട് മുതലായവ.

  പദ്ധതിക്കാലയളവിലേക്ക് ആകെ വകയിരുത്തിയിട്ടുള്ള
  - ➔ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) – 335.29 കോടി
  - ➔ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) – 343 കോടി

- **സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം(റൂറൽ), ശുചിത്വ കേരളം(അർബൻ) പദ്ധതികളുടെ നിർവ്വഹണം**

  ശുചിത്വ കേരളം (റൂറൽ) –100% സ്റ്റേറ്റ് പ്ലാൻ ഫണ്ട്
  ശുചിത്വ കേരളം (അർബൻ) –100% സ്റ്റേറ്റ് പ്ലാൻ ഫണ്ട്
  ആകെ വകയിരുത്തിയിട്ടുള്ള ഫണ്ട് – 42 കോടി

**മറ്റ് സംയോജിത ഫണ്ടുകൾ**

15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്ലാൻ ഫണ്ട്, സി.എസ്.ആർ. ഫണ്ട് മുതലായവ.

## 13. വിവരാകാശ നിയമം 2005 സംബന്ധിച്ചുള്ള വിവരങ്ങൾ

വിവരാവകാശ നിയമം 2005 പ്രകാരം, ശുചിത്വ മിഷന്റെ സംസ്ഥാന ഇൻഫർമേഷൻ ഓഫീസറായും അപ്പലേറ്റ് അതോറിറ്റിയായും താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിരിക്കുന്നു.

**സംസ്ഥാന ഇൻഫർമേഷൻ ഓഫീസർ**

ശ്രീ. ദിലൻ ജോസ്. ബി

ഓഫീസ് കം ഫിനാൻസ് മാനേജർ

**സംസ്ഥാന അപ്പലേറ്റ് അതോറിറ്റി**

ശ്രീമതി. നീതുലാൽ. ബി

ഡയറക്ടർ (ഓപ്പറേഷൻസ്)

**ജില്ലാ മിഷൻ – തിരുവനന്തപുരം**

ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി. സുജ പി. എസ്, അസി. കോ–ഓർഡിനേറ്റർ (IEC)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. അരുൺരാജ് പി.എൻ, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – കൊല്ലം**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. വിനോദ്. ആർ, അസി. കോ–ഓർഡിനേറ്റർ (SWM)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. അനിൽകുമാർ. എസ്, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – പത്തനംതിട്ട**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. അനൂപ് എസ് , അസി. കോ–ഓർഡിനേറ്റർ (IEC)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. നിഫി. എസ്. ഹഖ് ,ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – ആലപ്പുഴ**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. മുഹമ്മദ് കുഞ്ഞ് ആശാൻ, അസി. കോ–ഓർഡിനേറ്റർ (IEC)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. കെ.വിനോദ് കുമാർ, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – കോട്ടയം**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. ജയകൃഷ്ണൻ പി. കെ, അസി. കോ–ഓർഡിനേറ്റർ (SWM)

അപ്പലേറ്റ് അതോറിറ്റി

ശ്രീമതി. ലക്ഷ്മി പ്രസാദ്, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – ഇടുക്കി**

ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി. അഷിത ചന്ദ്രൻ, അസി. കോ–ഓർഡിനേറ്റർ (SWM)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. ഭാഗ്യരാജ് കെ. ആർ, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – എറണാകുളം**

ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി. ജെമി അന്ന മാണി, അസി. കോ–ഓർഡിനേറ്റർ (SWM)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. നിഫി. എസ്. ഹഖ്, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – തൃശ്ശൂർ**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. സംഗീത് എൻ. സി, അസി. കോ–ഓർഡിനേറ്റർ (ഐഇസി)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. മനോജ് കുമാർ, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – പാലക്കാട്**

ഇൻഫർമേഷൻ ഓഫീസർ

ശ്രീമതി. ദീപ.സി, അസി. കോ–ഓർഡിനേറ്റർ (ഐഇസി)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. വരുൺ. ജി , ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – മലപ്പുറം**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. അഖിലേഷ്. ടി.എസ്, അസി. കോ–ഓർഡിനേറ്റർ (ഐഇസി)

അപ്പലേറ്റ് അതോറിറ്റി

ശ്രീമതി. ആതിര, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – കോഴിക്കോട്**

ഇൻഫർമേഷൻ ഓഫീസർ

ശ്രീ. ഡെസ്നി.വി, അസി. കോ–ഓർഡിനേറ്റർ (SWM)

അപ്പലേറ്റ് അതോറിറ്റി

ശ്രീ. ഗൗതമൻ എം, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – വയനാട്**

<u>ഇൻഫർമേഷൻ ഓഫീസർ</u>

ശ്രീ. റഹീം ഫൈസൽ. കെ, അസി. കോ–ഓർഡിനേറ്റർ (IEC)

<u>അപ്പലേറ്റ് അതോറിറ്റി</u>

ശ്രീ.ഹർഷൻ, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – കണ്ണൂർ**

<u>ഇൻഫർമേഷൻ ഓഫീസർ</u>

ശ്രീ. അജയകുമാർ കെ.ആർ, അസി. കോ–ഓർഡിനേറ്റർ (SWM)

<u>അപ്പലേറ്റ് അതോറിറ്റി</u>

ശ്രീ. സുനിൽകുമാർ കെ. എം, ജില്ല. കോ–ഓർഡിനേറ്റർ

**ജില്ലാ മിഷൻ – കാസർഗോഡ്**

<u>ഇൻഫർമേഷൻ ഓഫീസർ</u>

സന്ദീപ് കെ, അസി. കോ–ഓർഡിനേറ്റർ (SWM)

<u>അപ്പലേറ്റ് അതോറിറ്റി</u>

ശ്രീ. ജയൻ, ജില്ല. കോ–ഓർഡിനേറ്റർ

**13.1 2023–24 സാമ്പത്തിക വർഷത്തെ റിപ്പോർട്ട്**

1. മുൻ വർഷ അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നത് – ഇല്ല
2. തൻ വർഷം ലഭിച്ച അപേക്ഷകൾ – 43
3. ആകെ അപേക്ഷകൾ – 43
4. നിരസിച്ച അപേക്ഷകൾ – ഇല്ല
5. തീർപ്പാക്കിയ അപേക്ഷകൾ – 43
6. അപ്പീൽ അപേക്ഷകൾ – 01
7. വിവരാകാശ നിയമം സെക്ഷൻ 6 (1) പ്രകാരം വാങ്ങിയ ഫീസ് – 290 രൂപ
8. വിവരാകാശ നിയമം സെക്ഷൻ 7 (1) പ്രകാരം വാങ്ങിയ തുക – 1398 രൂപ
9. വിവരാകാശ നിയമം സെക്ഷൻ 6 (3) പ്രകാരം ഈ ഓഫീസിൽ ലഭിച്ച അപേക്ഷകൾ – 14
10. വിവരാകാശ നിയമം സെക്ഷൻ 6 (3) പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയ അപേക്ഷകൾ – 06